മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*181)

**തുറമുഖ വകുപ്പിന്റെ നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കാൻ പദ്ധതികൾ**

1 (*181) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള നിഷ്ക്രിയമായി കിടക്കുന്ന ആസ്തികളെ സംബന്ധിച്ച കണക്കെടുപ്പുകളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തുറമുഖങ്ങളോട് ചേർന്നുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിച്ചെടുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(സി) കോഴിക്കോട് ബീച്ചിൽ സ്ഥിതിചെയ്യുന്ന മറൈൻ പോർട്ട് ബംഗ്ലാവിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം സാധ്യതകളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) തുറമുഖങ്ങളോടനുബന്ധിച്ചുള്ള പഴയ കെട്ടിടങ്ങളുടെ പ്രൗഢിയും പഴമയും വീണ്ടെടുക്കുന്നതിനും അതുവഴി ഹെറിറ്റേജ് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനദായകമാക്കുന്നതിനും തുറമുഖ വകുപ്പ് നടപടി സ്വീകരിക്കുമോ?

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ&ബി) ഉണ്ട്. തുറമുഖ വകുപ്പിനുകീഴിൽ നിരവധി തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, ഗോഡൗണുകൾ, മെഷിനറികൾ തുടങ്ങിയ നിഷ്ക്രിയ ആസ്തികൾ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം ഇപ്പോൾ കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത്തരം നിഷ്ക്രിയ ആസ്തികൾ കേരള മാരിടൈം ബോർഡിനും സംസ്ഥാനത്തിനും വരുമാനമുണ്ടാക്കുന്ന രീതിയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിലും വികസിപ്പിക്കുവാനാൻ കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും തുറമുഖ ഭൂമിയും അളന്നുതിരിച്ച് ബോർഡിന്റെ പേരിലാക്കി കയ്യേറ്റങ്ങൾ അവസാനിപ്പിക്കുകയും സാധ്യമായവ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത

വ്യവസായ സാധ്യതകൾ എന്നിവ മുൻനിർത്തി പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു ലാൻഡ് മാനേജ്മെന്റ് യൂണിറ്റിനെയും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ തുറമുഖ ഭൂമിയുടെ സർവ്വേ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. പി.പി.പി. മാതൃകയിൽ ആസ്തികൾ വികസിപ്പിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ കോഴിക്കോട് പോർട്ട് ബംഗ്ലാവ്, വലിയതുറയിലുള്ള പഴയ തുറമുഖ വകുപ്പ് ആസ്ഥാന മന്ദിരവും കടൽപ്പാലവും, തലശ്ശേരി കടൽപ്പാലം, അഴീക്കൽ ലൈറ്റ് ഹൗസും പരിസരവും, ആലപ്പുഴ മറീന എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്. പി.പി.പി. മാതൃകയിൽ വികസിപ്പിക്കാൻ ഉടൻ സാധ്യതയില്ലാത്ത തുറമുഖ ഭൂമികൾ ദീർഘകാല ലീസിന് നൽകുന്ന കാര്യവും പരിഗണനയിലുണ്ട്. തുറമുഖ വകുപ്പിൽ നിലവിൽ ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്ന മെഷിനറികളിൽ ഉപയോഗശൂന്യമായവ സ്ക്രാപ്പ് ചെയ്യുവാനും ഉപയോഗിക്കാൻ കഴിയുന്നവ അറ്റകുറ്റപ്പണി പൂർത്തിയാക്കി ലീസ് വ്യവസ്ഥയിൽ നൽകുവാനും നടപടി സ്വീകരിച്ചുവരുന്നു.

(സി) ദീർഘകാലമായി അറ്റകുറ്റപ്പണികൾ നടത്താതെയും അറ്റകുറ്റപ്പണികൾക്ക് ഭീമമായ തുക ചെലവഴിക്കേണ്ടിവരുമെന്ന് കണ്ടെത്തിയതിനെത്തുടർന്നുമാണ് കോഴിക്കോട് പോർട്ട് ബംഗ്ലാവ് പി.പി.പി. മാതൃകയിൽ വികസിപ്പിക്കുവാൻ തീരുമാനിച്ചത്. ഇതിനായി താൽപര്യപത്രം ക്ഷണിച്ചപ്പോൾ 12 നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ച് ബോർഡിനെ സമീപിച്ചിട്ടുണ്ട്. 15 കോടി മുതൽ 70 കോടി രൂപ വരെയുള്ള ടൂറിസം പദ്ധതികൾക്കാണ് നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. താല്പര്യപത്രത്തിന് മറുപടിയായി ലഭിച്ച നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് വിശദമായ പദ്ധതി നിർദ്ദേശം തയാറാക്കിവരുന്നു. തുടർന്ന് നിക്ഷേപകരുടെ ആർ.എഫ്.ക്യൂ. (Request for Qualification) പരിഗണിച്ച് ആർ.എഫ്.പി. (Request for Proposal)-ക്കുള്ള മറുപടി പരിശോധിച്ച് സംസ്ഥാനത്തിന് പ്രയോജനകരവും തൊഴിൽസാധ്യതകൾ സൃഷ്ടിക്കപ്പെടുന്നതുമായ പി.പി.പി. മാതൃകയിലുള്ള വികസനത്തിന് അനുയോജ്യരായ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതാണ്.

(ഡി) തുറമുഖ കെട്ടിടങ്ങളുടെ പ്രൗഢിയും പഴമയും നിലനിർത്തിക്കൊണ്ടുള്ള ഹെറിറ്റേജ് ടൂറിസം പദ്ധതികൾ വിഭാവനം ചെയ്ത് നിക്ഷേപകർ സമർപ്പിച്ചാൽ അതിന്റെ സാമ്പത്തിക നേട്ടവും തൊഴിലവസരവും കണക്കിലെടുത്ത്, ആയവ ടൂറിസം ഹെറിറ്റേജ് മാതൃകയിൽ വികസിപ്പിക്കുവാനാകുമോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. പി. നന്ദകുമാർ: സർ, മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്ന തുറമുഖ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഫിഷിംഗ് ഹാർബറിലും മറ്റും മണ്ണ് അടിഞ്ഞുകൂടുന്നതിന്റെ ഭാഗമായി ബോട്ടപകടങ്ങൾപോലുള്ള വിഷമതകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗിനായി തുറമുഖ വകുപ്പ് വാങ്ങിയിട്ടുള്ള ചന്ദ്രഗിരി ഡ്രെഡ്ജർ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇതുവരെയും അത് ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടായിട്ടുണ്ടോ; തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള നിഷ്ക്രിയ ഭൂമി അളന്ന് തിട്ടപ്പെടുത്തി തുറമുഖ വകുപ്പിന് കൈവശപ്പെടുത്താൻ ആവശ്യമായ കണക്കെടുപ്പും പരിശോധനയും നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ചന്ദ്രഗിരി ഡ്രെഡ്ജർ 20 കോടി രൂപ മുടക്കി വാങ്ങിയതാണ്. 9 വർഷമായി അത് ഉപയോഗശൂന്യമാണ്. നിലവിൽ അത് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഡ്രെഡ്ജിംഗ് നടക്കേണ്ട മേഖല പൂർത്തിയായിക്കഴിഞ്ഞാൽ അത് വാടകയ്ക്ക് കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നിഷ്ക്രിയ ആസ്തികൾ അളന്നുതിട്ടപ്പെടുത്താൻ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുന്നതിന് രണ്ട് ഏജൻസികളെ ചുമതലപ്പെടുത്തി ആ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇക്കാര്യത്തിൽ ഒരു ഷേപ്പ് ഫയൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, സംസ്ഥാനത്ത് 17 നോൺ-മേജർ തുറമുഖങ്ങളുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. പൊന്നാനി തുറമുഖമടക്കം മെച്ചപ്പെടുത്താൻ കഴിയുന്ന മറ്റ് തുറമുഖങ്ങളുമുണ്ട്. ഇതിന്റെ കൃത്യമായ അതിരുകൾ നിർണ്ണയിച്ചുകൊണ്ട് ഒരു ചിട്ടപ്പെടുത്തൽ ഉണ്ടായിട്ടുണ്ടോ; തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഭൂമി കയ്യേറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കയ്യേറ്റം

ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നോൺ-മേജർ തുറമുഖങ്ങളുടെ അതിരുകൾ അളന്ന് തിട്ടപ്പെടുത്താനായി റിട്ടയേർഡ് റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 'ജി.ടി. ഭാരത്' എന്ന കൺസൾട്ടിംഗ് ഏജൻസിയെ നിയോഗിച്ച് ഇക്കാര്യത്തിൽ മറ്റൊരു പരിശോധനയും നടന്നുവരികയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, മാരിടൈം ടൂറിസം പദ്ധതികൾ വികസിപ്പിക്കുവാൻ കേരള മാരിടൈം ബോർഡ് മുൻകയ്യെടുക്കുമോ; മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള നീണ്ടകരയിലും കൊടുങ്ങല്ലൂരിലുമായി സ്ഥിതി ചെയ്യുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബീച്ച് ടൂറിസം, ക്രൂയിസ് ടൂറിസം, ലൈറ്റ്

ഹൗസ് ടൂറിസം എന്നിങ്ങനെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് വികസിപ്പിച്ച് ക്രൂയിസ് ടൂറിസം നടത്തുവാൻ തൽപ്പരകക്ഷികളോട് ആവശ്യപ്പെട്ടുകൊണ്ട് പത്രപരസ്യം നൽകിയിരുന്നു. അതിൻപ്രകാരം വന്നവരുമായി ചർച്ച ചെയ്ത് പദ്ധതി പുരോഗതിയുടെ പാതയിലാണ്. നീണ്ടകരയിലും കൊടുങ്ങല്ലൂരിലുമുള്ള രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളിലുമായി ആയിരത്തി ഇരുന്നൂറോളം ആളുകൾക്ക് പരിശീലനം കൊടുക്കാൻ കഴിയുന്ന രൂപത്തിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനും നാടിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനും അനന്തമായ സാധ്യതകളാണ് കേരളത്തിലെ തുറമുഖ മേഖലയിലുള്ളത്. തുറമുഖ വകുപ്പിനുകീഴിലുള്ള നിഷ്ക്രിയ ആസ്തികൾ തിട്ടപ്പെടുത്തുന്നതിനും ഇവയെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഫലപ്രദമായി വികസിപ്പിക്കുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിലവിൽ 'ജി.ടി. ഭാരത്' എന്ന ഏജൻസിയെയാണ് കൺസൾട്ടിംഗ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ റിപ്പോർട്ട് ഉടൻ ലഭ്യമാകും.

<u>ശ്രീ. എച്ച്. സലാം</u>: സർ, ചരക്കുനീക്കത്തിനും ടൂറിസം വികസനത്തിനും അനന്തമായ സാധ്യതകളാണ് തുറമുഖങ്ങൾക്കുള്ളത്. നോൺ-മേജർ തുറമുഖങ്ങളിൽ ഇമിഗ്രേഷൻ ചെക്ക്പോയിന്റ് സ്റ്റാറ്റസും ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി (ഐ.എസ്.പി.എസ്.) കോഡും എത്ര തുറമുഖങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിലവിൽ 4 തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്. കോഡ് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഐ.സി.പി. 3 തുറമുഖങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ കഴിഞ്ഞ ജൂൺ 18-ന് കൊല്ലം തുറമുഖത്തിനാണ് ലഭിച്ചത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന ആദ്യഘട്ടത്തിൽ തുറമുഖം നിലവിൽ വരുമ്പോൾ തീരശോഷണം ഉണ്ടാകുമെന്നും വീടുകൾ

നഷ്ടപ്പെട്ടുമെന്നുമുള്ള സാഹചര്യത്തിൽ അന്നത്തെ സർക്കാർ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ 470 കോടി രൂപയുടെ ഒരു പാക്കേജ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യം സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് സർക്കാരിലേയ്ക്ക് തന്നിട്ടുണ്ട്. അത് പരിശോധിച്ച് അന്ന് പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, മൈനർ തുറമുഖങ്ങളെ കണക്ട് ചെയ്തുകൊണ്ട് ഒരു ചരക്കുകപ്പൽ സർവ്വീസ് കേരള മാരിടൈം ബോർഡും തുറമുഖ വകുപ്പും മുൻകയ്യെടുത്തുകൊണ്ട് നടപ്പിലാക്കിയിട്ടുണ്ട്. അത് ഒട്ടേറെ ആളുകൾക്ക് വളരെ ഉപകാരപ്രദമായ സർവ്വീസായിരുന്നു. എന്നാൽ അത് നിന്നുപോകുന്ന ഒരു സാഹചര്യമുണ്ടായി. കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ചരക്കുകപ്പൽ സർവ്വീസ് ആരംഭിക്കാൻ നമുക്ക് സാധിക്കുമോ; അതിനാവശ്യമായ ആലോചനകൾ നടക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത് സംബന്ധിച്ച ആലോചനകൾ നടക്കുന്നുണ്ട്. ഇതിനാവശ്യമായ പരിശോധകൾ നടത്തി സമീപകാല ഭാവിയിൽ അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിലെ കുര്യാടിയിൽ ഒരു ഫിഷിംഗ് ഹാർബർ വേണമെന്നുള്ളത് കാലങ്ങളായിട്ടുള്ള ആവശ്യമാണ്. നേരത്തെ ഇതിനുള്ള പഠനത്തിനായി 59 ലക്ഷം രൂപ നീക്കിവച്ചിരുന്നു. പ്രാരംഭദിശയിലെത്തിയ പഠനം പിന്നീട് നിർത്തിവച്ചുവെന്നാണ് അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയോട് നേരിട്ട് ഇക്കാര്യങ്ങൾ സംസാരിച്ചിരുന്നു. പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ പുരോഗതി വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി കൂടി ബന്ധപ്പെട്ട വിഷയമായതിൽ അവരുമായി കൂടിയാലോചിച്ചുകൊണ്ട് തുറമുഖത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ജീവാനന്ദം പദ്ധതി**

2 (*182) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. കെ. എം. സച്ചിൻദേവ്):
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഇഷ്ടമുള്ള തുക നിക്ഷേപിച്ച്, വിരമിച്ച ശേഷം അധിക വരുമാനം ഉറപ്പാക്കാൻ ജീവാനന്ദം എന്ന ഇൻഷ്വറൻസ് പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർണ്ണമായും ഇൻഷ്വറൻസ് പദ്ധതിയായ ജീവാനന്ദത്തിന് പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള പെൻഷൻ പദ്ധതികളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടോ;

(ഡി) സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് നിലവിൽ ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളിൽനിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാണോ;

(ഇ) ഇല്ലെങ്കിൽ ഈ പദ്ധതിയിലൂടെ അത് സാധ്യമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ,

(എ) പ്രതീക്ഷിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബന്ധമില്ല.

(ഡി) ഇല്ല.

(ഇ) കരുതുന്നുണ്ട്. സർവ്വീസ് കാലയളവിൽ തവണകളായോ വിരമിക്കുന്ന സമയത്ത് ഒരു നിശ്ചിത തുക ഒരുമിച്ചോ ഒടുക്കിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് മുഴുവൻ തുകയും ഒടുക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ മാസംതോറും ഒരു നിശ്ചിത തുക സ്ഥിരമായി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ മരണം വരെ ലഭിക്കുന്ന രീതിയിലാണ് ഈ പദ്ധതി

നടപ്പാക്കാനുദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി ഒരു നിർബന്ധിത പദ്ധതിയായല്ല വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പഠിക്കുന്നതിന് വിദഗ്ധരെ ചുമതലപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. റിപ്പോർട്ട് വന്നശേഷം മാത്രമേ തുടർനടപടികളെപ്പറ്റി ആലോചിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ജീവാനന്ദം ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിക്കുന്നതിനുമുൻപ് സർക്കാർ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ? വിരമിച്ചതിനുശേഷം നല്ല വരുമാനം ലഭിക്കുന്ന സ്കീമാണെങ്കിൽ ജീവനക്കാർ സർവ്വാത്മനാ ഇതിനെ പിന്തുണയ്ക്കുന്നതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കണമെങ്കിൽ അതിനൊരു ഏജൻസി വേണം. ഏത് ഏജൻസിയെയാണ് ജീവനാന്ദം പദ്ധതി നടപ്പാക്കാൻ ഏൽപ്പിച്ചിരിക്കുന്നത്; ടി ഏജൻസി മറ്റേതെങ്കിലും സ്കീമുകൾ ഇതുപോലെ നടപ്പിലാക്കുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ ഒരു പദ്ധതിയായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

നിലവിലെ ഒരു ഇൻഷ്വറൻസ് പദ്ധതിക്കും ആന്വിറ്റി മോഡില്ല. ഇൻഷ്വറൻസ് വകുപ്പ് നടത്തുന്ന ധാരാളം പദ്ധതികളുണ്ട്. സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS), ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, ഒരുമ പദ്ധതി, മറ്റ് ജനറൽ ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയൊക്കെ നടത്തുന്നുണ്ട്. പെൻഷൻ ആനുകൂല്യമില്ലാത്ത ആളുകൾക്ക് റിട്ടയർ ചെയ്ത് കഴിഞ്ഞിട്ടും വരുമാനം ലഭിക്കാനുള്ള ഒരു പദ്ധതിയെ സംബന്ധിച്ചുള്ള പരിശോധനയാണിത്. അതനുസരിച്ച് താൽപ്പര്യമുള്ള ആളുകൾക്ക് പണം അടച്ച് കൃത്യമായ ആന്വിറ്റി മോഡിൽ അവരുടെ മരണം വരെ ലഭിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ് വിഭാവനം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നത്. ഇൻഷ്വറൻസ് സംബന്ധിച്ച് പഠിക്കുന്നതിനായി ആക്ച്വറിയെ ഏൽപ്പിച്ച് അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാനാണ് ആലോചിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ താൽപ്പര്യമുള്ളവർക്ക് ചേരാം. പൊതുവിൽ സർക്കാർ ജീവനക്കാരാണ് ഇപ്പോൾ ഈ ഇൻഷ്വറൻസ് പദ്ധതിയിലുള്ളത്. അടുത്തകാലത്തായി സഹകരണ മേഖലയിലെയും യൂണിവേഴ്സിറ്റിയിലുള്ളവരെയും

ഇതിൽ ചേർത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലുള്ളവരെയും ചില പദ്ധതികളിൽ ചേർത്തിട്ടുണ്ട്. പൊതുമേഖലയിലും സഹകരണമേഖയിലും ഇതുപോലുള്ള പെൻഷനും ആന്വിറ്റിയുമില്ല. അങ്ങനെയുള്ളവർക്ക് സർക്കാരിന്റെ ഗ്യാരന്റിയിൽ ഒരു ആന്വിറ്റി സമ്പ്രാദയം കിട്ടുന്നുവെങ്കിൽ അത് വളരെ നല്ലൊരു കാര്യമാണ്. അങ്ങനെയൊരു കാര്യത്തിനെപ്പറ്റി ചർച്ച ചെയ്ത് നടപ്പിലാക്കാൻവേണ്ടിയാണ് ആലോചിച്ചിട്ടുള്ളത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 'ജീവാനന്ദം' ഇൻഷ്വറൻസ് പദ്ധതിയിലൂടെ സമാഹരിക്കുന്ന തുക ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻവേണ്ടിയുള്ള സൂത്രപണിയാണെന്ന് പ്രചരിപ്പിക്കുന്നുണ്ട്. ഈ പ്രചരണം ഇതിനെതിരായിട്ടുള്ള പ്രചരണമായിട്ടാണ് കാണേണ്ടത്. ഈ സാഹചര്യത്തിൽ ഈ പദ്ധതിയെക്കുറിച്ച് ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ എന്താണ് ഗവൺമെന്റിന് വിശദീകരക്കാനുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 'ജീവാനന്ദം' ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചത്. ആ ബഡ്ജറ്റിൽ പല പുതിയ പദ്ധതികളും പ്രഖ്യാപിച്ചതിന്റെ ഭാഗമായിട്ടാണ് ഇതും പ്രഖ്യാപിച്ചത്. ഞങ്ങൾ

ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുമുണ്ട്. അതിന്റെ പഠനം നടക്കുന്നതേയുള്ളൂ. അതുസംബന്ധിച്ച് ആക്ച്വറിയസ് ഏജൻസിയെ ഏൽപ്പിക്കാനായി ഒരു ഓർഡറും ഇറക്കിയിട്ടുണ്ട്. അതിനുപറ്റുന്ന ആളെ ഏൽപ്പിക്കണം. എന്തുകൊണ്ടാണ് ഈ പദ്ധതിക്കെതിരെ സംസ്ഥാനത്ത് ഇത്രയേറെ പ്രതിഷേധം ഉയർന്നുവന്നതെന്ന് മനസ്സിലാകുന്നില്ല; ജീവനുണ്ടെങ്കിൽ ജീവാനന്ദം പദ്ധതി നടപ്പിലാക്കില്ലെന്നാണ് പ്രമുഖനായ ഒരു നേതാവിന്റെ പ്രസംഗത്തിൽ പറഞ്ഞത്. ജീവനുണ്ടെങ്കിൽ ആർക്കും ഇത്തരം ആനുകൂല്യം കൊടുക്കില്ലെന്ന് പറയേണ്ട കാര്യമെന്താണ്? ഇത് സാധാരണ ആളുകളെ സഹായിക്കാൻ പറ്റുന്നൊരു പദ്ധതിയാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് എത്രയോ കാലമായി പ്രവർത്തിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ പല ഇൻഷ്വറൻസ് പദ്ധതികളും 19-ാം നൂറ്റാണ്ടിൽത്തന്നെ തുടങ്ങിയിട്ടുള്ളതാണ്. ആ പദ്ധതിയുടെ തുടർച്ചയായിട്ടാണ് ഇതും തുടങ്ങുന്നത്. ഏറ്റവും ഗാരന്റിയുള്ള പദ്ധതിയാണ്. ഇതിന്റെ പണമെടുത്ത് മറ്റൊരു കാര്യത്തിന് എങ്ങനെയാണ് ചെലവഴിക്കാൻ സാധിക്കുന്നത്? അങ്ങനെ പണമെടുത്ത് ചെലവഴിക്കുന്നില്ല. നമുക്ക് വളരെ നല്ല ഇൻഷ്വറൻസ് പദ്ധതികൾ

ധാരാളമുണ്ട്. നിലവിലുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ നേരത്തെ അപകട മരണത്തിനുമാത്രമേ 10 ലക്ഷം രൂപ ലഭിക്കുമായിരുന്നുള്ളൂ. അഞ്ചര ലക്ഷം വരുന്ന സർക്കാർ ജീവനക്കാരെ സംബന്ധിച്ച്, സ്വഭാവിക മരണത്തിനൊന്നും ഇൻഷുറൻസ് കിട്ടുമായിരുന്നില്ല. അതിനുപകരം അപകടമരണത്തിന് 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സ്വാഭാവിക മരണത്തിന് ആദ്യമായി 5 ലക്ഷം രൂപവച്ച് നൽകാൻ കഴിഞ്ഞ വർഷത്തെ ബജറ്റിൽ തീരുമാനിച്ചു. സർക്കാർ ജീവനക്കാർക്ക് ഇതുവരെയില്ലാത്ത ഒരു ഇൻഷുറൻസ് ആനുകൂല്യം ഉൾപ്പെടെ കഴിഞ്ഞ വർഷം കൊടുത്തതാണ്. ഇങ്ങനെയുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ജീവാനന്ദം ഇൻഷുറൻസ് പദ്ധതിയുടെ അക്കൗണ്ടെല്ലാം പ്രത്യേക രീതിയിലാണ് സൂക്ഷിക്കുന്നത്. അതിലെ പണം എങ്ങനെയാണ് സർക്കാരിന് എടുക്കാൻ സാധിക്കുന്നത്? ഒരു മനുഷ്യനും ഒരു ആനുകൂല്യവുമില്ലാത്ത ഒരു പദ്ധതി സർക്കാർ ഗ്യാരന്റിയിൽ ആരംഭിക്കേണ്ട എന്നാണെങ്കിൽ അത് വിമർശിക്കുന്നവർക്ക് അത് പറയാം. പക്ഷേ അങ്ങനെയൊരു കാര്യമല്ല ആലോചിച്ചിട്ടുള്ളത്. അതിനകത്ത് പൊതുതാൽപര്യമല്ലാതെ മറ്റൊരു താൽപര്യവുമില്ല.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഒരു വ്യക്തിയെ സംബന്ധിച്ച് വിവിധ ഇൻഷുറൻസ് പദ്ധതികൾ അവരുടെ ജീവിതവുമായി ബന്ധപ്പെട്ട് വളരെ പ്രധാനമാണ്. ജനറൽ ഇൻഷുറൻസ് മേഖലയിൽ ഇൻഷുറൻസ് വകുപ്പിൽ വരുന്ന വിവിധങ്ങളായ പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇൻഷുറൻസ് വകുപ്പ് നടത്തുന്ന വിവിധ പദ്ധതികളുണ്ട്. അതിനെസംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാന ലൈഫ് ഇൻഷുറൻസ് പദ്ധതി (SLI), ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി (GIS), ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി (GPAIS), ഒരുമ പദ്ധതി, മറ്റ് ജനറൽ ഇൻഷുറൻസ് പദ്ധതികളുമുണ്ട്. പരമ്പരാഗതമായി നമ്മൾ ചെയ്യുന്ന ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് ജീവനക്കാർക്കെല്ലാം അറിയാവുന്നതാണ്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെയും സർക്കാർ ജീവനക്കാരും അധ്യാപകർ, അനധ്യാപകർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ,

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്കായി നടത്തുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ കാര്യമാണ് നേരത്തെ സൂചിപ്പിച്ചത്. 10 ലക്ഷം രൂപ അപകടമരണത്തിനുണ്ടായിരുന്നത് 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അതിൽ 5 ലക്ഷം രൂപ ജനറൽ എല്ലാവർക്കും കൊടുക്കാനും തീരുമാനിച്ചു. ഇതിൽ കോ-ഓപ്പറേറ്റീവ് സെക്ടറും പൊതുമേഖലാസ്ഥാപനങ്ങളും വരും. ജീവനാന്ദം പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻവേണ്ടിയിട്ടുള്ള പ്രൊപ്പോസലായിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. അത് നന്നായി നടക്കുകയാണെങ്കിൽ, ഇന്ത്യയിലെ ഏതൊരു സ്വകാര്യ ബാങ്കും കമ്പനികളും നടത്തുന്ന ആന്വിറ്റി പദ്ധതിയെക്കാളും നമ്മുടെ നാട്ടിലെ പൊതുമേഖല, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കുൾപ്പെടെ സർക്കാരിന്റെ ഗ്യാരന്റിയിൽ അവർക്കൊരു ആന്വിറ്റി തിരിച്ചുകിട്ടുന്ന പദ്ധതിയായിട്ട് വരും. പക്ഷേ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രണ്ടുമൂന്ന് പദ്ധതികളുമുണ്ട്. കാർഷിക കർമ്മസേന അംഗങ്ങൾക്കുവേണ്ടി കാർഷികോദയം എന്ന പദ്ധതി ആലോചിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും മൂന്ന് ലക്ഷം രൂപയുടെ സേവിംഗ്സും ഉറപ്പുവരുത്തുന്ന ജീവനാളം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ആലോചിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ഇതിന്റെ ചർച്ച പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അത് ആരംഭിക്കാനാണ് ആലോചിക്കുന്നത്. അങ്കണവാടി പ്രവർത്തകർക്കായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ച അങ്കണം എന്ന പദ്ധതി ആക്സിഡന്റ് ഇൻഷ്വറൻസും ലൈഫ് ഇൻഷ്വറൻസും ചേർന്നൊരു പദ്ധതിയാണ്. ടി പദ്ധതിയിൽ 2 ലക്ഷം രൂപവരെ ലഭിക്കും. അത് നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പൂർത്തീകരിച്ചിട്ടുണ്ട്. അത് താമസമില്ലാതെതന്നെ നടപ്പിലാക്കും. ഇങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജനറൽ ഇൻഷ്വറൻസ് മേഖലയിലും വാഹന ഇൻഷ്വറൻസ്, ഫയർ ഇൻഷ്വറൻസ്, നാച്വറൽ കലാമിറ്റീസിന് ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പദ്ധതികളെല്ലാം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സർക്കാർ ജീവനക്കാർ സർക്കാരിന്റെ അഭിവാജ്യഘടകമാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം.

ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അവർക്ക് ഇത്രയുമൊരു അധിക വരുമാനം ഉറപ്പാക്കാനുള്ള പദ്ധതി എന്നുള്ളത് എന്തുകൊണ്ടും സ്വാഗതാർഹമായ കാര്യമാണ്. എല്ലാ വിഭാഗവുമായി ചർച്ച ചെയ്ത് മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളൂയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് അവരുടെ പെൻഷനുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങളെ ബാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നിലവിലുള്ള ഏതെങ്കിലും പദ്ധതിയുമായി ഇതിന് ബന്ധമില്ല. അതിനൊന്നും തടസ്സം വരുന്ന കാര്യമില്ല. ഒരാൾക്കും ഇതിൽ ചേരണമെന്ന് നിർബന്ധവുമില്ല. സർക്കാരിന് ഗ്യാരന്റിയുള്ള ഒരു പദ്ധതിയുണ്ട്, ഇതിനകത്ത് ആളുകൾ ചേരുകയാണെങ്കിൽ അവർക്ക് ഒരു മിനിമം ഇൻകം ലഭിക്കത്തക്കവിധത്തിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു, അതുകൊണ്ട് താൽപ്പര്യമുള്ളവർക്ക് ചേരാം.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, കടുംബശ്രീ അംഗങ്ങൾക്കായി ഇൻഷുറൻസ് വകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കുടുംബശ്രീ അംഗങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഒരുമ. പുതുക്കിയ പദ്ധതിപ്രകാരം ഒരു വർഷം പ്രീമിയത്തിന് അടയ്ക്കേണ്ടത് 174 രൂപയാണ്. ഇത് ഇൻഷ്വറൻസ് മേഖലയിലെ പ്രമുഖ ഏജൻസിയായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്നാണ് നടത്തുന്നത്. 174 രൂപയുടെ പകുതി പ്രീമിയം എൽ.ഐ.സി.-യും പകുതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും എടുക്കും. നഷ്ടം അല്ലെങ്കിൽ പരിരക്ഷ കൊടുക്കുന്നതിന്റെ പകുതി സംസ്ഥാന സർക്കാരും ബാക്കി എൽ.ഐ.സി.-യുമാണ് കൊടുക്കുന്നത്. ഇതിൽ സ്വാഭാവിക മരണത്തിന് പരിരക്ഷയോടൊപ്പം ഒരു ലക്ഷം രൂപയും അപകടമരണം, അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് നൽകുന്ന 25000 രൂപയുടെ അധിക അനുകൂല്യം കൂടി ലഭ്യമാക്കുന്നതാണ്. 01-05-2023 മുതൽ ഒരുമയുടെ രണ്ടാംഘട്ടം 12 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരിച്ച് നടപ്പിലാക്കുന്നതുവഴി കൂടുതൽ മെച്ചപ്പെട്ട പരിരക്ഷ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ജീവനക്കാർക്ക് നൽകിയ ഒരു പ്രധാനപ്പെട്ട വാഗ്ദാനമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുമെന്നത്. അതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് രഹസ്യമാക്കി വച്ചു. അതിനുശേഷം ഗവൺമെന്റിനെ പിന്താങ്ങുന്ന കക്ഷികളിൽപ്പെട്ട ഒരു സർവ്വീസ് സംഘടന സുപ്രീംകോടതിയിൽ കേസിന് പോയതിനെത്തുടർന്നാണ് ശിപാർശ പുറത്തുവന്നത്. പിന്നീട് അതിനെക്കുറിച്ചും പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. അതുപോലെ, സർക്കാർ ജീവനക്കാർക്ക് 21 ശതമാനം ഡി.എ. കുടിശ്ശികയുണ്ടായിരുന്നു. ഈ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ രണ്ട് ശതമാനം പ്രഖ്യാപിച്ചു. ബാക്കി 19 ശതമാനം കുടിശ്ശികയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ലീവ് സറണ്ടർ കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള പശ്ചാത്തലത്തിലാണ് പുതുതായി പ്രഖ്യാപിച്ചിട്ടുള്ള 'ജീവാനന്ദം' പദ്ധതിയെ ജീവനക്കാർ സംശയത്തോടുകൂടി കാണുന്നത്. പുതിയ ശമ്പള കമ്മീഷനെ നിയോഗിച്ച് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുമായിരുന്നുവെങ്കിൽ അടുത്ത 1-ാം തീയതി മുതൽ പുതിയ

ശമ്പള കമ്മീഷൻ ആനുകൂല്യം കൊടുക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഇതുവരെ കൊടുത്തിട്ടില്ല. ജീവനക്കാർക്ക് നൽകാനുള്ള അനുകൂല്യങ്ങൾ എന്ന് കൊടുത്തുതീർക്കും; ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ജീവാനന്ദം പദ്ധതി നിർബന്ധപൂർവ്വം നടപ്പാക്കില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ : സർ, ബഹുമാനപ്പെട്ട ചോദ്യകർത്താവ് ചോദ്യവേളയിൽ ഉന്നയിക്കുന്നതാണോ; ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായിട്ട് ഉന്നയിച്ചതാണോയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രസ്തുത വിഷയം ഇന്ന് ധനാഭ്യർത്ഥനയിൽ ചർച്ച ചെയ്യുന്നുണ്ട്. വിശദമായി മറുപടി പറയണമെങ്കിൽ അതിനകത്ത് പറയാൻ സമയമുണ്ട്. ഇടതുപക്ഷ സർക്കാരുകളാണ് എന്നും ജീവനക്കാരുടെ ആനുകൂല്യങ്ങളെല്ലാം സംരക്ഷിച്ചിട്ടുള്ളതും നൽകിയിട്ടുള്ളതും. ഓരോന്ന് ഓരോന്നായി ബഡ്ജറ്റ് ഡിസ്കഷന്റെ മറുപടിയായി പറയാം. പെൻഷൻ നൽകേണ്ട എന്ന് തീരുമാനമാനിച്ചതിന്റെ കുറ്റബോധംപോലും ലവലേശമില്ലാതെയാണ് ഇപ്പോൾ ചോദ്യം ചോദിക്കുന്നത്. ഇതെല്ലാം തീരുമാനിച്ച ആളുകളാണ്. അദ്ദേഹം പറഞ്ഞതുകൊണ്ട് പറയാതിരിക്കാൻ

കഴിയില്ല. എന്തായാലും ഇന്നത്തെ ബഡ്ജറ്റ് ഡിഷ്ക്കഷനം അതാണ്. അതുകൊണ്ട് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് യാതൊരു സംശയവും വേണ്ട. അധികമായി നൽകുന്ന ആനുകൂല്യങ്ങൾ കേരളത്തിലുള്ളതുപോലെ മറ്റൊരു സംസ്ഥാനത്തുമില്ല. ഒരു പെൻഷൻ സമ്പ്രദായത്തിൽ അസംഘടിത മേഖലയിലുള്ളവരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഭാവിയിൽ ആലോചിക്കേണ്ടിവരും. നിലവിൽ ജീവാനന്ദം പദ്ധതിയുടെ പ്രാഥമികപഠനം നടത്താനാണ് ഏൽപ്പിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാർ നിക്ഷേപിക്കുന്ന പണം കൃത്യമായി ഏറ്റവും ഉയർന്ന പലിശയോടെ തിരികെ നൽകുന്ന പദ്ധതിയാണ് ആലോചിച്ചിട്ടുള്ളത്. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച്, ആക്ച്വറിയൽ സയൻസ് പഠിച്ച ഇന്ത്യയിലെ അംഗീകൃതമായ ആക്ച്വറിയൽസാണ് തീരുമാനിക്കുന്നത്. ഇൻഷ്വറൻസ് വകുപ്പിന്റെ ആക്ച്വറിയൽസാണ് നമുക്കും ഉപദേശം നൽകുന്നത്. അങ്ങനെയുള്ള ആളുകൾ ചർച്ച ചെയ്ത്, അവർ പഠിച്ച് നൽകുന്ന നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാകും ജീവാനന്ദം പദ്ധതി നടപ്പിലാക്കുന്നത്. അതുകൊണ്ട് ജീവനക്കാരെ സംരക്ഷിക്കുന്നതിന് ഏതുകാലത്തുമെടുക്കുന്ന നിലപാടുകളുടെയും

നടപടികളുടെയും ഭാഗമായാണ് പ്രസ്തുത പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചോദിച്ചതിന് യാതൊരു ഉത്തരവും നൽകിയില്ല. ഈ ഗവൺമെന്റ് വന്നശേഷം ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന ഒരു വിഭാഗം സർക്കാർ ജീവനക്കാരാണ്. യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. കാരണം യൂണിവേഴ്സിറ്റിയുടെ പണം ഗവൺമെന്റ് എടുക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് സമയത്ത് ശമ്പളം നൽകുന്നില്ല. 19 ശതമാനം ഡി.എ. നൽകാനുണ്ട്. ലീവ് സറണ്ടർ മരവിപ്പിച്ചിരിക്കുകയാണ്. അതിശക്തമായ പ്രതിഷേധം കേരളത്തിലെ സർക്കാർ ജീവനക്കാരുടെയിടയിലുണ്ട് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി മറന്നുപോകരുത്. അതുകൊണ്ടാണ് പ്രസ്തുത പദ്ധതി വന്നപ്പോൾ സർവ്വ ജീവനക്കാരും ടി പദ്ധതിക്കെതിരായി അണിനിരന്നിട്ടുള്ളത്. തുടർന്നും അവരുടെ കയ്യിലുള്ള വരുമാനമെടുത്ത് ഗവൺമെന്റിന് ways and means-ന് വേണ്ടിയുള്ള മാർഗ്ഗം കണ്ടുപിടിക്കുകയാണ് എന്നാണ് ജനങ്ങൾ കരുതുന്നത്.

പങ്കാളിത്ത പെൻഷൻ കൊണ്ടുവന്നത് ഞങ്ങളാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ; നിങ്ങളത് തിരുത്തുമെന്നുപറഞ്ഞ് വന്നവരാണ്. എന്തുകൊണ്ട് എട്ടുവർഷമായി പങ്കാളിത്ത പെൻഷന്റെ കാര്യത്തിൽ റിപ്പോർട്ട് പുറത്തുവിടുന്നില്ല? ടി പദ്ധതിയുടെ പഠനം നടത്തിയ കമ്മീഷന്റെ ഒരു പകർപ്പിനുവേണ്ടി സി.പി.ഐ.-യുടെ ജോയിന്റ് കൗൺസിലിന് സുപ്രീംകോടതിയിൽ പോകേണ്ടിവന്നു. സർക്കാർ ജീവനക്കാരോടുള്ള ക്രൂരത അവസാനിപ്പിക്കാനും ജീവാനന്ദം പദ്ധതി വേണ്ടെന്നുവയ്ക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ : സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞിരുന്നു. അതിന് വിശദമായി മറുപടി പറയാൻ ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിക്കുമെങ്കിൽ ഞാൻ പറയാം.

മി. സ്പീക്കർ: സമയം അനുവദിക്കില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ : സർ, ഇന്ന് ധനാഭ്യർത്ഥനയിൽ ഈ വിഷയമുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരോടും സംസ്ഥാന സർക്കാരിന്റെ പൊതുപ്രവർത്തനത്തിനോടും ഇടതുപക്ഷത്തിന്റെ നയം എന്താണ്? Less

governance is good governance എന്നത് ആദ്യമായി പറഞ്ഞത് ശ്രീ. മൻമോഹൻ സിംഗാണ്. No governance is good governance എന്നുപറഞ്ഞത് ശ്രീ. നരേന്ദ്ര മോദിയാണ്. അതിന്റെ ഭാഗമയി പട്ടാളത്തിൽപ്പോലും ആളുകളെ കോൺട്രാക്റ്റിന് എടുക്കുമ്പോൾ എന്താണ് നിങ്ങൾ ചെയ്തത്? 8 വർഷത്തിനുമുമ്പ് നിങ്ങളുടെ ഭരണസമയത്താണല്ലോ പങ്കാളിത്ത പെൻഷൻ പദ്ധതി കൊണ്ടുവന്നത്. രാജസ്ഥാൻ ഗവൺമെന്റ് കൊണ്ടുവന്നുവെന്ന് പറഞ്ഞു, നടപ്പിലാക്കാൻ സാധിച്ചോ? കാരണം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് നൽകിയിട്ടുള്ള പണം തിരിച്ച് കിട്ടിയേ പറ്റൂ. ഞങ്ങൾക്ക് കൃത്യമായ സ്റ്റാന്റുണ്ട്. ഞങ്ങൾ ജീവനക്കാർക്ക് assured ആയിട്ടുള്ള പെൻഷൻ നൽകുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതിനുള്ള സമീപനമെടുക്കും. ഇത് കേന്ദ്ര ഗവൺമെന്റുംകൂടി അനുവദിക്കണം. 2022-23-ൽ ഇന്ത്യയിലാകെ നടത്തിയ പി.എസ്.സി. നിയമനങ്ങളിൽ 60 ശതമാനത്തിലധികം കേരളത്തിലാണ് നടന്നതെന്ന് യു.പി.എസ്.സി.-യാണ് പറഞ്ഞത്. അങ്ങനെയുള്ള സംസ്ഥാനത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ നമ്മളെല്ലാം ഒരുമിച്ച് നിൽക്കണം.

കേരളത്തെ തകർത്തുകളയാമെന്ന് ആരെങ്കിലും വിചാരിച്ചാൽ അതിനൊപ്പം കയ്യടിച്ചുകൊണ്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ആയാലും ശ്രീ. രമേശ് ചെന്നിത്തലയായാലും പ്രതിപക്ഷമായാലും നിന്നാൽ കേരളത്തിലെ പൊതുസംവിധാനങ്ങൾ നിലനിൽക്കില്ല. ജീവാനന്ദം പദ്ധതി പിൻവലിക്കണമെന്നാണ് അങ്ങ് പറയുന്നത്. ജനിക്കാത്ത കുഞ്ഞിന്റെ ജാതകം വായിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ജീവാനന്ദം പദ്ധതി അങ്ങനെയല്ല, ജീവനക്കാർക്ക് താൽപര്യമുണ്ടെങ്കിൽമാത്രം ചേർന്നാൽ മതി. അങ്ങനെയൊരു സംരക്ഷണം നൽകാൻ സർക്കാർ തീരുമാനിച്ചാൽ, നല്ലൊരു പദ്ധതി വരുന്നതിന് നിങ്ങൾക്ക് ഇപ്പോഴേ ആശങ്കയാണ്. ആ ആശങ്ക വേണ്ട, ആശങ്കയില്ലാതെതന്നെ നടപ്പാക്കാൻ കഴിയും.

## സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ

3 (*183 ) **ശ്രീ. മുഹമ്മദ് മുഹസിൻ :**
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വികസന മാതൃകയിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഐ.ടി., ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം തുടങ്ങിയ വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>):

(എ) കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും

സ്വാതന്ത്ര്യസമരത്തിന്റെയും കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലിനൽകി ഉയർന്ന ജീവിത നിലവാരം പ്രധാനം ചെയ്യാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്ക് ഒരു ബദലായി പ്രവർത്തിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള അടിസ്ഥാന വികസനമേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി പൊതു സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി

ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻതന്നെ സേവനദാതാവുമായി കരാറിലേർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സഹകരണമേഖലയിലെ ചില ഒറ്റപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കേരള

മുഖ്യമന്ത്രിയുടെ അവലോകനയോഗത്തിൽ സഹകരണവകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻവിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറ്റുകയും കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരള ബാങ്കിന് പുതുതായി ഒരു ഏകീകൃത സോഫ്റ്റ്വെയറിൽ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു. കൂടാതെ ആധുനിക ബാങ്കിംഗ് സേവനങ്ങളായ ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നിവ മിതമായ നിരക്കിൽ സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധനവിനിയോഗത്തിനായി പ്രത്യേകം മൊബൈൽ ആപ്ലിക്കേഷനും

അവതരിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി 500-ഓളം എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

യുവജനങ്ങളുടെ സ്വാശ്രയത്വവും സാമൂഹിക-സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ജില്ലാതലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ സഹായിക്കാനായി സംസ്ഥാനത്തൊട്ടാകെ വിവിധ സേവന മേഖലകളിലായി യുവജന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി

സംഘങ്ങൾ കേരളത്തിൽ സജീവമായത്. കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് സഹകരണമേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഗുണമേന്മയുള്ള സാന്ത്വനപരിചരണം ലക്ഷ്യമാക്കി സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിവരുന്നു.

അഴിമതിരഹിതമായും സമയബന്ധിതമായും ഗുണമേന്മയോടെയും എന്നാൽ, ചെലവുകൾ കുറച്ചും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദലാണ് തൊഴിൽക്കരാർ സഹകരണ സംഘങ്ങൾ. സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന അനവധി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. ഐ.ടി. ഉൾപ്പെടെയുള്ള ആധുനിക വ്യവസായ രംഗങ്ങളിലൊക്കെ സഹകരണ സംരംഭങ്ങൾ വളർന്നു വരികയാണ്.

ഊരാളുങ്കൽ സഹകരണ സംഘം ടൂറിസം വകുപ്പുമായി ചേർന്ന് രാജ്യാന്തര നിലവാരത്തിലുള്ള ആർട്ട്സ് &ക്രാഫ്റ്റ്സ് വില്ലേജുകളും തൊഴിൽ വകുപ്പുമായി ചേർന്ന് നിർമ്മാണരംഗത്തെ നൈപുണ്യവികസന സ്ഥാപനവും ക്വാളിറ്റി

ടെസ്റ്റിംഗ് ലാബും പാർപ്പിട നിർമ്മാണ സ്ഥാപനവും സഹകരണ മേഖലക്ക് മികവോടെ പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യമാണ്. രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിനുതകുന്ന വായ്പാ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷിക വികസനത്തിനായിട്ടുള്ള വായ്പാ പദ്ധതികൾ എന്നിവ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഉതകുംവിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണസംഘം എന്നപേരിൽ ഒരു സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്.

സാഹിത്യകാരൻമാർക്കുവേണ്ടി അവർ അംഗങ്ങളായി രൂപീകരിച്ച സഹകരണസംഘമാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻമാരുടെ എഷ്യയിലെതന്നെ ആദ്യത്തെ സഹകരണസംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നത് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്.

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് 'അക്ഷരമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് വിഭാവനംചെയ്യുന്ന പദ്ധതിയാണിത്. ഭാഷയ്ക്കും സാഹിത്യത്തിനും

സംസ്കാരത്തിനും ഊന്നൽ നല്കികൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷര മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്രയടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർദ്ദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരമ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം ഹബ്ബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സി.എം.എസ്. കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബികാക്ഷേത്രം, സ്ഥലങ്ങളെ സംയോജിപ്പിച്ചുകൊണ്ട് 'അക്ഷര മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു. ഒന്നാംഘട്ടം-'വരയിൽനിന്ന് ശ്രേഷ്ഠതയിലേയ്ക്ക്', രണ്ടാംഘട്ടം 'കവിത', മൂന്നാംഘട്ടം-'ഗദ്യസാഹിത്യം', നാലാംഘട്ടം-'വൈജ്ഞാനികസാഹിത്യം' എന്നിവയാണ്. ഒമ്പതരക്കോടി രൂപയാണ് ഒന്നാംഘട്ടത്തിന്റെ പദ്ധതി

അടങ്കൽ തുക. 25-02-2022-ന് സഹകരണവകുപ്പുമന്ത്രി ഇന്ത്യാപ്രസ്സ് കോമ്പൗണ്ടിൽ ടി കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ULCCS (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം) ആണ് നിർമ്മാണപ്രവൃത്തികൾ നടത്തുന്നത്. മ്യൂസിയത്തിന്റെ നിർമ്മാണപ്രവൃത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളുടെയും കേരള മ്യൂസിയത്തിന്റെയും മേൽനോട്ടത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

<u>റൈസ് മിൽ പദ്ധതി</u>

റൈസ് മിൽ പദ്ധതി ആരംഭിച്ചു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശമായി 27-08-2021-ൽ 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 310 കോടി രൂപ

അംഗീകൃത ഓഹരി മൂലധനവും കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ നിലവിൽ അംഗങ്ങളുമായിട്ടുള്ള ടി സംഘം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിച്ചു. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാനലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ്മില്ല് സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് 08-11-2023-ൽ എം.ഒ.യു. ഒപ്പ് വച്ചിട്ടുള്ളതാണ്. ടി റൈസ് മില്ലിന്റെ നിർമ്മാണം 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരികയാണ്.

സഹകരണ ഉല്പന്നങ്ങൾ ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണവകുപ്പ് ആവിഷ്കരിച്ച " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉല്പന്നങ്ങളുടെ

ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള 'കൂപ്പ്കേരള' സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. കൂപ്പ് കേരള മാർക്കോടുകൂടിയ ഉല്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി. ഇനിയും കൂടുതൽ സഹകരണ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായും 2023 ഏപ്രിൽ മാസം 22 മുതൽ 30 വരെ 9 ദിവസങ്ങളിലായും ചരിത്ര വിജയമായിതീർന്ന രണ്ട് സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചു. എക്സ്പോയിലൂടെ എല്ലാ സഹകരണസംഘങ്ങളുടെയും ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനുംപുറമെ അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.

സഹകരണമേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി കാലിക പ്രസക്തിയുള്ള 11 സെമിനാറുകൾ വീതം വളരെ വിജയകരമായി രണ്ട് എക്സ്പോകളിലും നടത്തുകയുണ്ടായി. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. അതുവഴി കൂടുതൽ ബിസിനസ് ഓർഡറുകൾ ലഭിച്ചിരുന്നു.

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം.

സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി സ്റ്റോറുകൾ നടത്തിവരുന്നു.

ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങളിലെ നിക്ഷേപകർക്ക് സംഘം ലിക്വിഡേഷനിലാകുമ്പോൾ നൽകുന്ന ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഗുരുതര

രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധനസഹായ വിതരണം നടത്തിവരുന്നു.

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പലിശരഹിത വായ്പ പദ്ധതിയായ വിദ്യാതരംഗിണി വായ്പാ പദ്ധതി നടപ്പിലാക്കി.

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കുമായി വായ്പാ നൽകുന്നതിനായി ‘ സഹായ ഹസ്തം'എന്ന വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ നൽകുന്നതിനായി “ സഹകരണം സൗഹൃദം” എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃദ്ധിയും വ്യാപാര വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ

ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ ഐ.ടി., സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫെഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. പ്രൊഫഷണലുകൾക്കുവേണ്ടിയുള്ള സാധാരണ ബാങ്കിംഗ് ഇടപാടുകൾക്ക് പുറമെ, ഐ.ടി. ജീവനക്കാർക്കുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ, റീ-സ്കിൽ അപ്പ്സ്കിൽ ട്രെയിനിംഗുകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കുവേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിംഗ് പ്രോഗ്രാമുകൾ, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രധാന പ്രവർത്തനോദ്ദേശങ്ങൾ.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം

സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനംമുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക, ദേശീയ, അന്തർദ്ദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക,

സ്പോർട്ട്സ്/അതലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്.

കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി ‘ കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി-2023’ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനംമുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No.4506 (AARTICS) എന്നപേരിൽ കലാകാരൻമാരുടെ സഹകരണസംഘം 15-02-2022-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന് ലക്ഷ്യംവച്ച് ഈ സർക്കാരിന്റെ രണ്ടാംഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയംപര്യാപ്തതക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കിവരുന്നു.

‘ മാലിന്യമുക്ത കേരളം’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് “ നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ വകുപ്പിലൂടെ” എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു.

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തിക

വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA))

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ പരീക്ഷാ നടത്തിപ്പുകൾക്ക് നിലവിൽ അവലംബിച്ചുവരുന്ന നടപടികൾ സങ്കീർണ്ണമായതിനാൽ പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിലെ നേരിട്ട് നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഐ.ടി., ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം തുടങ്ങിയവ വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സഹകരണ വകുപ്പിന്റെ സംസ്ഥാനപദ്ധതി വിഹിതത്തിൽ

തുക വകയിരുത്തിയിട്ടുണ്ട്. വായ്പാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഒരു പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി 450 ലക്ഷം രൂപ 2024-25 സാമ്പത്തികവർഷം സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

ആശുപത്രി സഹകരണസംഘങ്ങൾക്ക് ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനും വിവിധ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വിദ്യാഭ്യാസ സഹകരണസംഘങ്ങൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുമുൾപ്പെടെയുള്ള പദ്ധതികൾക്കായി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം ആകെ 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ

സഹകരണമേഖലയുടെ നൂതന പദ്ധതി എന്ന സംസ്ഥാന പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം ആകെ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഉത്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം, സംസ്കരണം എന്നിവയിലേർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സഹകരണ ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായമായി 2024-25 സാമ്പത്തിക വർഷം ആകെ 725 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എല്ലാ ജില്ലകളിലും സഹകരണ ബാങ്കുകൾ, ആരോഗ്യം, വിദ്യാഭ്യാസം, ഉല്പാദനം എന്നീ മേഖലകളിലേയ്ക്ക് അവയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വിവിധ സഹകരണ ബാങ്കുകൾ നീതി മെഡിക്കൽ സ്റ്റോർ, മെഡിക്കൽ ലാബ്, സ്കാനിംഗ് സെന്റർ, പോളിക്ലിനിക്കുകൾ, ഡയാലിസിസ് സെന്ററുകൾ എന്നിവ നടത്തിവരുന്നതിലൂടെ സാധാരണ ജനവിഭാഗങ്ങൾക്ക് കുറഞ്ഞചെലവിൽ

മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ആംബുലൻസ് സൗകര്യവും നടത്തിവരുന്നു.

വിദ്യാഭ്യാസ മേഖലയിലും സഹകരണ ബാങ്കുകൾ മികച്ച സേവനം പ്രദാനംചെയ്യുന്നു. വിവിധ സഹകരണബാങ്കുകൾ അവയുടെ പൊതുനന്മ ഫണ്ടിൽനിന്നുള്ള തുകയിൽനിന്നും നിരവധി സ്കൂളുകൾക്കും കോളേജുകൾക്കും ധനസഹായം നൽകിവരുന്നു. സ്റ്റുഡന്റ് മാർക്കറ്റുകൾ നടത്തുകയും ചെയ്തുവരുന്നു.

ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളുടെ കീഴിൽ ഫാർമേഴ്സ് സെന്ററുകൾ രൂപീകരിച്ച നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്തിവരുന്നു. കർഷകർക്ക് ആവശ്യമായ വളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നതിനായി ചില സഹകരണബാങ്കുകൾ വളം വില്പന ശാലയും നടത്തിവരുന്നു. കൂടാതെ പല സഹകരണ ബാങ്കുകളും ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ നടത്തിവരുന്നു.

(സി) സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച “ ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്” എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള കൂപ്പ്കേരള സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും കൂപ്പ്കേരളമാർക്കോടുകൂടിയ സഹകരണ ഉല്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉല്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. ഇനിയുംകൂടുതൽ സഹകരണ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒരു ബ്രാൻഡിനുകീഴിലാക്കി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിന് സഹകരണ ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായ

പദ്ധതിയിലുൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 71,862/- രൂപ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നമ്മുടെ രാജ്യത്ത് താരതമ്യേന ഏറ്റവും കെട്ടുറപ്പോടെ ജനകീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു മേഖലയാണ് കേരളത്തിലെ സഹകരണ മേഖല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ പർവ്വതീകരിച്ചുകൊണ്ട്, ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് വലിയ ആശങ്കയുണ്ടാക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. സർക്കാർ കാര്യക്ഷമമായി അതിൽ ഇടപെട്ടിട്ടുണ്ട്. പല കാരണങ്ങളാൽ നഷ്ടത്തിലായ സഹകരണ ബാങ്കുകളെ പുനരുജ്ജീവിപ്പിക്കാനും നിക്ഷേപകർക്ക് അവരുടെ പണം ലഭ്യമാക്കാനുമുള്ള സംവിധാനമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, സമീപകാലത്തുണ്ടായ ഇത്തരത്തിലുള്ള പ്രശ്നങ്ങളടക്കം പരിശോധിച്ച്, അതിന് പരിഹാരമെന്ന രൂപത്തിൽ പുതിയതായി കൊണ്ടുവന്ന നിയമത്തിൽത്തന്നെ പുനരുദ്ധാരണ നിധി സ്കീമിന് രൂപം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ അതുമായി ബന്ധപ്പെട്ട ബില്ലിൽ ഒപ്പുവെച്ച്, നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇനി അതിന്റെ ചട്ടങ്ങൾക്കൂകൂടി രൂപംകൊടുത്താൽ ഏതാണ്ട് ജൂലൈ അവസാനത്തോടുകൂടി ആ ബില്ലിന്റെ

നടപടിക്രമങ്ങൾ പൂർത്തിയാകും, അതോടെ ഈ പുനരുദ്ധാരണ പദ്ധതിക്ക് രൂപംകൊടുക്കാൻ സാധിക്കും. ഒപ്പംതന്നെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ മുമ്പ് ഉണ്ടായിരുന്ന രണ്ട് ലക്ഷം രൂപയെന്നത് അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ സ്ഥാപനം ലിക്വിഡേഷനാകുമ്പോൾ മാത്രമല്ല, അതിനുമുമ്പുതന്നെ സംഘങ്ങൾ പ്രതിസന്ധിയിൽപ്പെടുകയാണെങ്കിൽ അവരെ സഹായിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പല കാരണങ്ങളാൽ സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് വൺ ടൈം സെറ്റിൽമെന്റ് പോലുള്ള പദ്ധതികൾ നേരത്തെയുണ്ടായിരുന്നു. ഇപ്പോഴും ആ സംവിധാനം നിലവിലുണ്ടോ; എങ്ങനെയാണ് ആളുകൾക്ക് അത് പ്രയോജനപ്പെടുത്താൻ കഴിയുന്നത്? നിലവിലെ വ്യവസ്ഥയനുസരിച്ച് ഒരു വ്യക്തി വായ്പയെടുത്തശേഷം മരണപ്പെടുകയാണെങ്കിൽ അയാൾ മുടക്കംകൂടാതെ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ മാത്രമേ അവകാശിക്ക് റിസ്ക് ഫണ്ടിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ ഒരാൾ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ആറേഴ് മാസം വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവരികയും തുടർന്ന് മരണപ്പെടുകയും ചെയ്യുകയാണെങ്കിൽ അയാളുടെ അവകാശിക്ക് റിസ്ക് ഫണ്ട് ലഭിക്കില്ല. അത് ലഭ്യമാക്കാനും നിലവിലുള്ള കുടിശ്ശിക തീർക്കാൻ കഴിയുന്ന രീതിയിൽ വൺടൈം സെറ്റിൽമെന്റ് നടപ്പാക്കാനും സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, വൺടൈം സെറ്റിൽമെന്റ് ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടപ്പാക്കിയിരുന്നു. അത് നാല് മാസം നീട്ടിക്കൊടുത്തിട്ടുണ്ട്. എല്ലാ വർഷവും വൺടൈം സെറ്റിൽമെന്റ് ഉണ്ട്. വായ്പാതിരിച്ചടവിനായി ലോൺ എടുത്തവർ അത് വളരെയേറെ പ്രയോജനപ്പെടുത്തുന്നുണ്ട്. രണ്ടാമത്തെ കാര്യം, റിസ്ക് ഫണ്ടിൽ നിന്നും നിലവിൽ മരണപ്പെടുന്നവർക്ക് മൂന്ന് ലക്ഷം രൂപയും രോഗികൾക്ക് ഒന്നേകാൽ ലക്ഷം രൂപയും രോഗം പിടിപെടുന്ന സാധാരണ മെമ്പർമാർക്ക് അമ്പതിനായിരം രൂപവരെയും ചികിത്സാ സഹായമായി നൽകുന്നുണ്ട്. കുടിശ്ശികയുണ്ടെങ്കിൽ ചില കേസുകളിൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ പരിശോധിച്ച്, അർഹിക്കുന്ന കേസുകളിൽ വിവേചനാധികാരം പ്രയോജനപ്പെടുത്തി മന്ത്രിതന്നെ അനുവദിക്കുന്നുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളും സാധാരണ മനുഷ്യരും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം നമുക്ക് നിഷേധിക്കാൻ കഴിയാത്തതാണ്. ഗ്രാമപ്രദേശങ്ങളിലുള്ളവരുടെ മകളുടെ വിവാഹം, മകന്റെ വിദേശ യാത്ര, ചികിത്സയുൾപ്പെടെയുള്ള അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, ഉപഭോക്തൃ സേവനങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ

നിർവ്വഹിക്കപ്പെട്ടിരുന്നത് സഹകരണ പ്രസ്ഥാനങ്ങളിലൂടെയായിരുന്നു. അതവർക്ക് വലിയ ആശ്വാസമായിരുന്നു. എന്നാൽ സേവന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വാണിജ്യ ബാങ്കുകളോട് മത്സരിച്ച് പ്രവർത്തിക്കണമെന്ന കേന്ദ്ര നിർദ്ദേശം കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ നമുക്ക് സ്വീകരിക്കാൻ കഴിയുന്നതേ സ്വീകരിക്കുകയുള്ളൂ. കാരണം സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാന വിഷയമാണ്. അതുസംബന്ധിച്ച കാര്യങ്ങൾ നേരത്തെ വിശദീകരിച്ചിരുന്നതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് അത്തരം നിർദ്ദേശങ്ങൾ കൊണ്ടുവന്നാലും സേവനത്തിന്റെ പാതയിൽനിന്നുകൊണ്ടേ കൈകാര്യം ചെയ്യുകയുള്ളൂ. കോ-ഓപ്പറേറ്റീവ് സെക്ടറിന്റെ പ്രൈമറി ഒബ്ജക്റ്റീവ് സോഷ്യൽ കമ്മിറ്റ്മെന്റാണ്. അത് പാലിച്ചുകൊണ്ട് മുന്നോട്ടുപോകും.

ശ്രീമതി സി. കെ. ആശ ചുമലപ്പെടുത്തിയതു പ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, സാധാരണക്കാർക്ക് പൊതുവെ കൈത്താങ്ങും സമാശ്വാസവുമാണ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ. സഹകരണ ബാങ്കുകളിൽനിന്നും ഏഴ് ശതമാനം പലിശ നിരക്കിലാണ് ഗുണഭോക്താവിന് കാർഷിക വായ്പകൾ അനുവദിക്കുന്നത്. ഇതിൽ മൂന്ന് ശതമാനം കർഷകർക്കുള്ള സർക്കാർ റിബേറ്റാണ്.

കർഷകർക്ക് ഇത്തരം വായ്പകൾ കൂടുതലായി നൽകുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുൾപ്പെടെ വായ്പകൾ നൽകുന്നതിനും ഗവൺമെന്റ് റിബേറ്റ് കൃത്യമായി ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ മുപ്പതോളം സഹകരണ സംഘങ്ങളെ വിളിച്ചുകൂട്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ സഹായിക്കുന്ന വിധത്തിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. നാളെ കൊച്ചിയിൽനിന്നും മൂന്ന് സഹകരണ സംഘങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യാൻ പോകുകയാണെന്ന സന്തോഷവാർത്തയും അറിയിക്കുകയാണ്.

ശ്രീ. വി. ആർ. സുനിൽകുമാർ: സർ, യൂണിവേഴ്സിറ്റികൾ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തുന്നുവെന്ന വാർത്ത വന്നതോടെ കുട്ടികളുടെ എണ്ണം കുറയുകയും അതോടൊപ്പം ഓപ്പൺ യൂണിവേഴ്സിറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള യോഗ്യതയായി പരിഗണിക്കാത്തതുമൂലം വിദ്യാർത്ഥികൾ ഓപ്പൺ യൂണിവേഴ്സിറ്റി പഠനത്തിന് തയ്യാറാകാത്ത സാഹചര്യമാണുള്ളത്. 1983-ൽ പ്രവർത്തനമാരംഭിച്ച് ആയിരക്കണക്കിന് സാധാരണക്കാരായ വിദ്യാർത്ഥികൾ പഠിച്ചിരുന്ന കൊടുങ്ങല്ലൂർ കോ-ഓപ്പറേറ്റീവ് കോളേജ് പ്രതിസന്ധിയിലാണ്. ഇത് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അക്കാര്യം പരിശോധിച്ച് പരിഹരിക്കാവുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ സഹകരണ ഭേദഗതി നിയമത്തിനെതിരെ

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; കേരള സഹകരണ സംഘം ഭേദഗതി നിയമത്തിനനുസൃതമായി ചട്ടങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഇതുമായി ബന്ധപ്പെട്ട ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി രജിസ്ട്രാർ കൺവീനറായ കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണ മേഖലയിൽ വായ്പയെടുത്ത് കുടിശ്ശികയാക്കിയിട്ടുള്ള കർഷകർ ജപ്തി നടപടികളുടെ ഭീഷണിയിൽ നിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി ആളുകളാണ് ജപ്തി നോട്ടീസുമായി ജനപ്രതിനിധികളേയും സർക്കാരിനേയും സമീപിക്കുന്നത്. ചിലർ ആത്മഹത്യ ചെയ്യുകയും മറ്റു ചിലർ ആത്മഹത്യയുടെ വക്കിൽ അല്ലെങ്കിൽ അത്തരമൊരു അവസ്ഥയിലുമാണ്. അതിനാൽ ഫലപ്രദമായൊരു കാർഷിക കടാശ്വാസ പദ്ധതി ആവിഷ്കരിക്കണം. നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് പരിമിതികളുണ്ട്. കൂടുതൽ ഫലപ്രദമായ, മുഴുവൻ കർഷകർക്കും/ചെറുകിട കർഷകർക്കെങ്കിലും ഗുണഫലം ലഭിക്കത്തക്ക രൂപത്തിലുള്ള കടാശ്വാസ പദ്ധതിക്ക് സഹകരണ മേഖല നേതൃത്വം നൽകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ കാര്യത്തിൽ സർക്കാർ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൺ ടൈം സെറ്റിൽമെന്റ് കൂടാതെ

ഇത്തരത്തിലുള്ള കാർഷിക കടങ്ങളെ സംബന്ധിച്ച് പല ഘട്ടങ്ങളിലും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കുന്നതിനുവേണ്ടിയുള്ള പ്രചരണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ഈ ബാങ്കുകളിൽ നിക്ഷേപങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയാണ്. സഹകരണ മേഖലയിൽ ഏകദേശം ഒന്നര ലക്ഷം കോടിയിലധികം നിക്ഷേപമുണ്ട്. മാസങ്ങൾക്കുമുമ്പ് പ്രഖ്യാപിച്ച സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ സർക്കാർ ഒൻപതിനായിരം കോടി രൂപയാണ് സമാഹരിക്കാനുദ്ദേശിച്ചിരുന്നതെങ്കിലും ഇരുപത്തിമൂവായിരം കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ സാധിച്ചു. നഷ്ടം കാരണം പല സംഘങ്ങളും സഹകരണ ബാങ്കുകളും നിക്ഷേപങ്ങൾ സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുകയാണ്. സർപ്ലസ് ഫണ്ട് മുഴുവൻ അപ്പെക്സ് ബാങ്കിൽ വരികയാണ്. ധനപ്രതിസന്ധിയുമായി ബന്ധപ്പെട്ട ചർച്ച ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിലുള്ള നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്താനുമായി എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ; മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ധനമന്ത്രി, സഹകരണ മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഇക്കാര്യത്തിൽ അനുകൂലമായൊരു തീരുമാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് സർക്കാരിന് ആലോചിച്ചുകൂടെ? നിക്ഷേപങ്ങൾ

സ്വീകരിക്കുന്ന കാര്യത്തിൽ സംഘങ്ങൾ പലതും മടിച്ചുനിൽക്കുകയാണ്. കാരണം അവർ വലിയ നഷ്ടത്തിലേയ്ക്ക് പോകുകയാണ്. അവർ അധികം വരുന്ന പണം മുഴുവൻ അപ്പെക്സ് ബാങ്കിൽ നിക്ഷേപിക്കണം. എങ്ങനെ പ്രത്യുല്പാദനപരമായ മേഖലയിലേയ്ക്ക് നിക്ഷേപം കൊണ്ടെത്തിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സജീവമായ ചർച്ച നടത്തി സംഘങ്ങളെ നഷ്ടത്തിൽ നിന്നും രക്ഷപ്പെടുത്തുകയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ചർച്ച നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. ഓരോ സംഘത്തിലും സർപ്ലസ് ഫണ്ട് വന്നുകഴിഞ്ഞാൽ അത് Non-earning assets ആണെന്നുള്ള കാര്യത്തിൽ തർക്കമില്ല. Non earning-assests വന്നാൽ സംഘം നഷ്ടത്തിൽ പോകുമെന്ന കാര്യത്തിലും തർക്കമില്ല. അതുകൊണ്ട് ആ സർപ്ലസ് ഫണ്ടുകൾ കൺസോർഷ്യം രൂപീകരിച്ച് വികസനമേഖലയിലേയ്ക്ക് തിരിച്ചുവിടാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ചില നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്, പ്രസ്തുത പ്രവർത്തനം ഭാവിയിലും തുടരുന്നതാണ്. ഇതുസംബന്ധിച്ച അങ്ങയുടെ നിർദ്ദേശം സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. സി.കെ. ഹരീന്ദ്രൻ</u>: സർ, കുവൈറ്റ് തീപിടുത്തത്തിൽ മരണമടഞ്ഞ മലയാളികളിൽ വീടില്ലാത്തവർക്ക് 2018-ലെ പ്രളയബാധിതർക്ക് വീടുവെച്ച്

നൽകാൻ തയ്യാറാക്കിയ കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത് പരിഗണിയ്ക്കാവുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, 'സ്വന്തമായി വീട് ഇല്ലാത്ത എല്ലാവർക്കും വാസയോഗ്യമായ വീട് ' എന്നത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതിയാണ്. ലോകത്ത് എവിടെയുംതന്നെ അത്തരത്തിലുള്ള ഒരു പദ്ധതി ഇതുവരെ ഉണ്ടായിട്ടില്ല. അത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഒരു അഭിമാന പദ്ധതിയാണ്. കേരള ബാങ്ക് അടക്കമുള്ള സഹകരണ ബാങ്കുകളിലെ നിക്ഷേപത്തെ ഉപയോഗപ്പെടുത്തി പഞ്ചായത്തുകളുമായി സഹകരിച്ച് ലൈഫ് പദ്ധതി കൂടുതൽ വിജയപ്രദമായി നടപ്പാക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീ. വി. എൻ. വാസവൻ: മുമ്പ് സഹകരണമേഖലയിൽനിന്ന് ഭവനനിർമ്മാണ പദ്ധതിയ്ക്ക് വായ്പ കൊടുത്തത് തിരിച്ചടയ്ക്കാനുണ്ട്. അത് പല സംഘങ്ങളെയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച് ഭാവിയിൽ അത് ഉണ്ടാകാതിരിക്കാൻ ഇടയാക്കുന്ന രൂപത്തിൽ ഭാവിയിൽ ഈ കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം. ഇതുകൂടാതെ ഭവനനിർമ്മാണ രംഗത്ത് സഹകരണമേഖലയിൽ നടപ്പിലാക്കിയ 'കെയർ ഹോം' പദ്ധതിയിലൂടെ 2500-ൽപ്പരം വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ടെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

## കിഫ്ബിയുടെ പ്രവർത്തനം

(*184) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൺപത്തിരണ്ടായിരം കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി മുഖേന അംഗീകാരം നൽകിയെങ്കിലും പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും നിലയ്ക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(സി) എട്ട് വർഷം കൊണ്ട് പതിനയ്യായിരം കോടിയിൽ താഴെ രൂപയ്ക്കുള്ള പദ്ധതികൾ മാത്രമാണ് പൂർത്തിയായത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

(എ&ബി) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 50000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുക എന്നതായിരുന്നു സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്ത് വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള

വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലായി നാളിതുവരെ 86,143.49 കോടി രൂപയുടെ 1110 പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 34,367.75 കോടി രൂപയുടെ 672 പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, 32,317.03 കോടി രൂപയുടെ 625 പദ്ധതികൾ കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 80 റോഡുകൾ/പാലങ്ങൾ, 4 ആശുപത്രി കെട്ടിടങ്ങൾ, 496 സ്കൂൾ കെട്ടിടങ്ങൾ, 30 കോളേജ് കെട്ടിടങ്ങൾ, തിരുവനന്തപുരത്തെ ടെക്നോസിറ്റി, 4 ഐ.ടി.ഐ കെട്ടിടങ്ങൾ, 20 സ്റ്റേഡിയങ്ങൾ, 27 കുടിവെള്ള പദ്ധതികൾ, 3 റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതികൾ, ചെല്ലാനം കടൽഭിത്തി നിർമ്മാണം, 30 രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങൾ, അഞ്ച് മേഖലകളിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി, 47 ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ, 43 ഡയാലിസിസ് സെന്ററുകൾ, നാലായിരത്തോളം സ്കൂളുകളിലായി 44705 ഹൈ-ടെക് ക്ലാസ് റൂമുകളും 11257 ഹൈ-ടെക് ലാബുകളും, NHAI, IRIA, പെട്രോകെമിക്കൽ പാർക്ക്, ബയോ-ലൈഫ് സയൻസ് പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് തുടങ്ങി നാളിതുവരെ 16,472.93 കോടി രൂപയുടെ പദ്ധതി/പദ്ധതിഘടകങ്ങൾ പൂർത്തീകരിക്കുവാൻ കിഫ്ബിയ്ക്ക് സാധിച്ചിട്ടുണ്ട്. സാമ്പത്തികവർഷാടിസ്ഥാനത്തിൽ കിഫ്ബി

പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം അനുബന്ധം-1ൽ+ കാണാവുന്നതാണ്.

2018-ലെ പ്രളയം സംസ്ഥാനത്തൊട്ടാകെ നടന്നുവന്നിരുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിലും, കോവിഡ് മഹാമാരി ലോകമാകെ സൃഷ്ടിച്ച കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയിലും തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ പൊതുവെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ അനിശ്ചിതാവസ്ഥ നിലനിന്നിരുന്നെങ്കിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം തടസമില്ലാതെ നടത്തുവാൻ കഴിഞ്ഞു. തന്മൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും കിഫ്ബി പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

നിയമാനുസൃതമായി വർഷാവർഷം മോട്ടോർ വാഹന നികുതി/ പെട്രോളിയം സെസ്സ് എന്നിവ മുഖേന കിഫ്ബിക്ക് ലഭ്യമായിക്കൊണ്ടിരുന്ന വരുമാന സ്രോതസ്സിൽ ഇടിവ് വന്ന സാഹചര്യത്തിൽ പോലും കിഫ്ബിയുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സർക്കാർ അധിക ഗ്രാന്റ് അനുവദിക്കുകയുമുണ്ടായി. ഇതുവഴി നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ വിശ്വാസ്യത നിലനിറുത്തുവാനും, ധനസമാഹരണത്തിന് പര്യാപ്തമായ ക്രഡിറ്റ് റേറ്റിംഗ് നിലനിർത്തുന്നതിനും സഹായകമായി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാർ നടത്തിവരുന്ന ഫെഡറൽ ഘടന വിരുദ്ധ നിലപാടുകൾ കാരണം നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. ഇത് പൂർണ്ണമായും കേന്ദ്രം കൃത്രിമമായി സൃഷ്ടിച്ച ഒരു സാമ്പത്തിക ദുരവസ്ഥയാണ്. കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വന്നത് സർക്കാരിന്റെ ധനസമാഹരണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് പണം അനുവദിക്കുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. മേൽ വിവരിച്ച പ്രതികൂല സാഹചര്യങ്ങൾക്കിടയിലും വിവിധ പദ്ധതികൾക്കായി 29,100 കോടി രൂപ ഇതിനകം ചെലവഴിക്കാൻ കിഫ്ബിക്ക് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നും പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും നിലച്ചിരിക്കുകയാണെന്നുമുള്ള ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്.

(സി) 16,472.93 കോടി രൂപയുടെ പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തീകരിക്കുവാൻ നാളിതുവരെ കിഫ്ബിയ്ക്ക് സാധിച്ചിട്ടുണ്ട്. ഇതിൽ 80 റോഡുകൾ/പാലങ്ങൾ, 4 ആശുപത്രി കെട്ടിടങ്ങൾ, 496 സ്കൂൾ കെട്ടിടങ്ങൾ, 30 കോളേജ് കെട്ടിടങ്ങൾ, തിരുവനന്തപുരത്തെ ടെക്നോസിറ്റി പദ്ധതി, 4 ഐ.ടി.ഐ കെട്ടിടങ്ങൾ, 20 സ്റ്റേഡിയങ്ങൾ, 27 കുടിവെള്ള പദ്ധതികൾ, 3 റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾ, ചെല്ലാനം കടൽഭിത്തി നിർമ്മാണം, 43 രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങൾ, അഞ്ച് മേഖലകളിൽ

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി, 47 ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ, 43 ഡയാലിസിസ് സെന്ററുകൾ, നാലായിരത്തോളം സ്കൂളുകളിലായി 44705 ഹൈ-ടെക് ക്ലാസ്സ്റൂമുകളും 11257 ഹൈ-ടെക് ലാബുകളും, NHAI, IRIA, പെട്രോകെമിക്കൽ പാർക്ക്, ബയൊ-ലൈഫ് സയൻസ് പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് എന്നിവ ഉൾപ്പെടുന്നു. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയി+ ചേർക്കുന്നു. ഇതിനുപുറമെ 2024/2025-ൽ പൂർത്തീകരിക്കാനാവും എന്ന് പ്രതീക്ഷിക്കുന്ന 16321 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതികളുടെ വിശദാംശം അനുബന്ധം- 3 ആയി ചേർക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2016 മുതൽ 2021 വരെയുള്ള 5 വർഷംകൊണ്ട് 50000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഏകദേശം 16,472 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ കിഫ്ബിയുടെ പ്രവർത്തനം ഏതാണ്ട് നിലച്ചമട്ടിലാണ്. കിഫ്ബിയുടെ ഇപ്പോഴത്തെ പ്രവർത്തനം കാണുമ്പോൾ, നിലവിൽ അനുവദിക്കപ്പെട്ട പദ്ധതികൾ എങ്ങനെ ഒഴിവാക്കാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് മനസിലാകും. ഭരണപരിഷ്കാര കമ്മീഷൻ കിഫ്ബിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അതുപ്രകാരം കിഫ്ബിയുടെ പ്രവർത്തനം നിർത്തലാക്കാൻ ഇടവരുന്ന സാഹചര്യമുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയുടെ പ്രവർത്തനം നിർത്തുന്നതുമായി ബന്ധപ്പെട്ട് ശിപാർശകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, ഒരുവശത്ത് കിഫ്ബി പദ്ധതികളെല്ലാം താളം തെറ്റിനിൽക്കുകയാണ്. ദുർഭരണവും കെടുകാര്യസ്ഥതയും കിഫ്ബിയുടെ പര്യായമായി മാറിയിരിക്കുകയുമാണ്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ അവസാനിച്ചുവെന്ന പ്രതീതിയുണ്ട്. വലിയ സാമ്പത്തിക പരാധീനത നേരിടുന്ന ഈ സന്ദർഭത്തിൽ പുതിയ കെട്ടിടവും സ്ഥലവും വാങ്ങുന്നതിനെ സംബന്ധിച്ച് കിഫ്ബി ആലോചിക്കുന്നുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇല്ലാത്ത കാര്യങ്ങൾ ആരോപിക്കുന്നത് ശരിയല്ല. കെടുകാര്യസ്ഥതയും പ്രവർത്തനമില്ലായ്മയും ഒന്നുംതന്നെ ഈ രംഗത്തില്ല. കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഏറ്റവും നല്ലരീതിയിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലടക്കം നടക്കുന്നുണ്ടെന്ന് അങ്ങേയ്ക്കും അറിയാം. ഏകദേശം 16,472 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അംഗം ഇവിടെ നേരത്തെ പറഞ്ഞിരുന്നു, എന്നാൽ യാഥാർത്ഥ്യം അതല്ല. 29,000 കോടി രൂപയുടെ ഫണ്ട് കൊടുത്തുകഴിഞ്ഞു. അവസാന ബിൽ സെറ്റിൽ ചെയ്ത

വകയിൽത്തന്നെ 16000 കോടി രൂപ നൽകിക്കഴിഞ്ഞു. നാളിതുവരെ വിവിധ പ്രവൃത്തികൾക്കായി കിഫ്ബി അനുവദിച്ച തുക സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്, എവിടെയെങ്കിലും കുറവ് വന്നിട്ടുണ്ടോ? 2017-18-ൽ 442.67 കോടി രൂപയും 2018-19-ൽ 1,069.00 കോടി രൂപയും 2019-20-ൽ 3,502.50 കോടി രൂപയും 2020-21-ൽ 5,484.81 കോടി രൂപയും 2021-22-ൽ 8,459.47 കോടി രൂപയും 2022-23-ൽ 4,673.28 കോടി രൂപയും 2023-24-ൽ 4,724.67 കോടി രൂപയും ഈ വർഷം ഇതുവരെ ചെലവഴിച്ച 744 കോടി രൂപയും അടക്കം 29100.00 കോടി രൂപ മൊത്തം ചെലവഴിച്ചിട്ടുണ്ട്. മൊത്തം പ്രവൃത്തികളിൽ ലാന്റ് അക്വസിഷനുവേണ്ടി ചെലവഴിച്ചത് 9613.48 കോടി രൂപയാണ്, വർക്ക്സ് ബില്ലുകൾക്കായി 19486.52 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്നതിനെ സംബന്ധിച്ച് അങ്ങേയ്ക്കും തർക്കമുണ്ടാകില്ല. രാഷ്ട്രീയമായി എതിർത്തുപറയുകയാണെന്നറിയാം, അങ്ങയുടെ മണ്ഡലം ഉൾപ്പെടെയുള്ളവയിൽ ഏറ്റവുംകൂടുതൽ നിർമ്മാണപ്രവർത്തനം നടക്കുന്നുണ്ട്. ഏതെങ്കിലും പുതിയ കെട്ടിടം കിഫ്ബിക്കായി വാങ്ങുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ധാരാളം ചർച്ചകളും നിർദ്ദേശങ്ങളും ഇതുസംബന്ധിച്ച് വന്നിട്ടുണ്ടാകാമെങ്കിലും കെട്ടിടം വാങ്ങുന്ന തരത്തിൽ യാതൊരു തീരുമാനവും സർക്കാർ തലത്തിലോ കിഫ്ബി തലത്തിലോ കൈക്കൊണ്ടിട്ടില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> 86,143 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ

പറഞ്ഞിരിക്കുന്നത്, അതിൽത്തന്നെ 29000 കോടി രൂപ ചെലവഴിച്ചുവെന്നും പറയുന്നുണ്ട്. മുൻകാലങ്ങളിലെപ്പോലെ കഴിഞ്ഞ ബഡ്ജറ്റിലും വലിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളെല്ലാം 1500-2000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പെടെയുള്ളവ ഉൾക്കൊള്ളുന്നതുമാണ്. കിഫ്ബി പദ്ധതിക്കായി വായ്പയെടുക്കുന്ന തുകകൂടി, സംസ്ഥാന കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ കേന്ദ്രനയം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പരാമർശിക്കുകയും ചെയ്തു. 86000 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും അത് സംബന്ധിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തതിനാൽ, ഇതിലെ പല പദ്ധതികളും ആരംഭിച്ച സാഹചര്യത്തിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്തുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയില്ലെങ്കിൽ, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പദ്ധതി നടത്തിപ്പ് പ്രതിസന്ധിയിലാകുകയും കേരളത്തിന്റെ പശ്ചാത്തല വികസന രംഗത്തെ അതിസങ്കീർണ്ണമായ പ്രതിസന്ധിയായി അത് മാറുകയും ചെയ്യുന്ന സാഹചര്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തരണം ചെയ്യാനായി ഏതെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ ആലോചിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, 86000-ൽ അധികം കോടി രൂപയുടെ പദ്ധതികൾ കിഫ്ബി പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് ഘട്ടംഘട്ടമായാണ്. ഒരുമിച്ച്

നടത്തിത്തീർക്കുന്നതിൽ പ്രായോഗികമായ പ്രശ്നങ്ങൾ ഉണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ കാരണം പ്രശ്നങ്ങൾ വന്നുചേരുന്നുണ്ട്. ഈ ഗവൺമെന്റ് വരുന്നതിന് തൊട്ടുമുമ്പായി കിഫ്ബി പദ്ധതി നടപ്പിലാക്കിത്തുടങ്ങിയപ്പോൾ നമ്മുടെ കാഴ്ചപ്പാട്, അടുത്ത പതിനഞ്ച് വർഷങ്ങൾകൊണ്ട് പൂർത്തികരിക്കാവുന്ന പദ്ധതികൾ ആദ്യംതന്നെ പണം ചെലവഴിച്ച് പൂർത്തീകരിക്കുക എന്നതായിരുന്നു. നമ്മളെല്ലാം സ്വീകരിക്കുന്ന വളരെ ലളിതമായ ഒരു യുക്തിയാണ് ഇവിടെയും സ്വീകരിച്ചത്. ഒരുമിച്ച് പണം മുടക്കി ഒരു വീട് നിർമ്മിക്കുകയോ വാഹനം വാങ്ങുകയോ ചെയ്തശേഷം പണം ഘട്ടംഘട്ടമായി കൊടുത്തുകഴിഞ്ഞാൽ ഒരു വലിയ ബാധ്യത കുറയും. ഇന്ന് 100 രൂപ മുതൽമുടക്കി വാങ്ങുന്ന ഒരു സാധനം 10 വർഷം കഴിഞ്ഞു വാങ്ങണമെങ്കിൽ ഏകദേശം അതിന്റെ മൂല്യം 250 രൂപയായി മാറും, അതേ കണക്കനുസരിച്ചാണ് ഇതും ചെയ്തത്. ഗവൺമെന്റിന്റെ ഗ്യാരന്റിയിൽ പണം തിരിച്ചടക്കാൻ പറ്റുമെന്ന ഉറപ്പുമുണ്ടായിരുന്നു. അങ്ങനെ ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം ഗവൺമെന്റ് ഇതുസംബന്ധിച്ച വായ്പ കൃത്യമായി തിരിച്ചടച്ചിട്ടുമുണ്ട്. 29000 കോടിരൂപ സംസ്ഥാന ഖജനാവിൽ നിന്നുതന്നെ ഓരാവർഷവും കൃത്യമായി കൊടുത്തതിന്റെ കണക്കുകളുണ്ട്. വിവാദമായ മസാലബോണ്ട് സംബന്ധിച്ച വായ്പാതുകപോലും 29-03-2024-ന് മുഴുവനായും തിരിച്ചടച്ച് കടം തീർത്തുകഴിഞ്ഞതാണ്. നമ്മൾ എടുക്കുന്ന കടം ഘട്ടംഘട്ടമായി തിരിച്ചടയ്ക്കുന്ന സംവിധാനമാണുള്ളത്. കേന്ദ്ര ഗവൺമെന്റ് വളരെ പെട്ടെന്ന് നിലപാട്

മാറ്റിക്കൊണ്ടുള്ള തീരുമാനം എടുത്തതിനാൽ 2021-22 മുതൽ നേരത്തെയെടുത്ത കടം മുഴുവൻ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവുണ്ടായി. ഈ വർഷം മാത്രം 12500 കോടി രൂപയാണ് നമുക്കുള്ള ബോറോയിംഗ്. 35000 കോടി രൂപയോളം കടമെടുക്കാൻ സാധിച്ചിരുന്നിടത്ത് 12500 കോടിയോളം രൂപ പോകുന്നുവെന്ന് പറഞ്ഞാൽ സർക്കാരിന് എത്രത്തോളം ബാധ്യതയുണ്ടാകും. മൂന്നു-നാല് വർഷം 12500 കോടിരൂപ വച്ച് കുറയുകയാണെങ്കിൽ 4 വർഷംകൊണ്ട് 50000 കോടി രൂപ കുറഞ്ഞുകഴിഞ്ഞു. ഇത്തരത്തിൽ മനഃപൂർവ്വം ബുദ്ധിമുട്ടിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽ നടപ്പിലാക്കേണ്ട അടിസ്ഥാന നിക്ഷേപ പദ്ധതികളെയാണ് ഇത് ബാധിക്കുന്നത്. എന്നാൽ ഇക്കാര്യങ്ങളൊന്നും കിഫ്ബിയുടെ പ്രവർത്തനത്തെ ബാധിക്കാതെ കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ട്, നമ്മൾ തീരുമാനിച്ച പദ്ധതികളെല്ലാം നടപ്പിലാക്കും. 20000 കോടി രൂപയിലധികം ആവശ്യമായി വരുന്നത് ഭൂമിയെറ്റെടുക്കൽ പ്രവൃത്തികൾക്കാണ്, അതിലെ നടപടിക്രമങ്ങൾ പൂർത്തിയായശേഷം ഘട്ടംഘട്ടമായി ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. വലിയ പദ്ധതികൾക്കുവേണ്ടി പണം വകയിരുത്തി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ അവ പൂർത്തീകരിക്കാൻ കുറച്ചധികം സമയമെടുക്കും. ഇത്തരത്തിൽ വരുന്ന സ്വാഭാവിക താമസമല്ലാതെ മറ്റ് പ്രശ്നങ്ങൾ ഒന്നുംതന്നെയില്ല. കിഫ്ബി എന്ന നല്ലൊരു മാതൃകയെ തകർക്കാനുള്ള ശ്രമങ്ങൾ നമ്മൾ അനുവദിക്കരുത്. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ

വന്നിട്ടില്ലെന്നല്ല പറയുന്നത്. ഒരു വർഷം 12500 കോടി രൂപ കുറയുകയെന്ന് പറഞ്ഞാൽ മിക്കവാറും ആനുകൂല്യങ്ങൾ കൊടുക്കാനുള്ള പണം അതിൽ ഉൾപ്പെടുമെന്നത് യാഥാർത്ഥ്യമാണ്. ഇത് കേന്ദ്രഗവൺമെന്റ് മനഃപൂർവ്വം ഒരു കാരണമുണ്ടാക്കി ചെയ്യുന്നതാണ്. ദൗർഭാഗ്യവശാൽ പ്രതിപക്ഷവും അതേ ബാന്റ് വാഗണിൽ ചേർന്നുനിന്നുകൊണ്ട് Trumpet അടിച്ച് ഇതൊന്നും നൽകേണ്ടതില്ലെന്ന് ആവർത്തിക്കുന്നത് ശരിയല്ലയെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാനായി ഇത്തരം കാര്യങ്ങളിൽ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, വടകര നിയോജകമണ്ഡലത്തിലെ തുരുത്തിയിൽനിന്ന് ആരംഭിച്ച് നാദാപുരം നിയോജകമണ്ഡലത്തിലെ എടച്ചേരി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കരിയാട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന ഒരു വൈ പാലം നേരത്തെ കിഫ്ബി അംഗീകരിച്ചിരുന്നു. പിന്നീട് വടകര മണ്ഡലത്തെ മാത്രം ഒഴിവാക്കി എടച്ചേരി - കരിയാട് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നേർപാലമാക്കി അത് മാറ്റിയെങ്കിലും വടകര തുരുത്തിമുക്കിനെ ഒഴിവാക്കി. ഇപ്പോഴും ആ പാലത്തിന്റെ പേര് തുരുത്തിപ്പാലം എന്നാണ്. ഈ സാഹചര്യത്തിൽ മാഹി പുഴയെയും മാഹി കനാലിന്റെയും സംഗമ സ്ഥലമായ തുരുത്തിയിൽ വടകര മാത്രം ഒറ്റപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഒരു പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് പുതിയ പദ്ധതിയെക്കുറിച്ചാണ് പറഞ്ഞത്. അക്കാര്യം പരിശോധിച്ചശേഷം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. വി. ഇബ്രാഹിം: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ഒരു തെറ്റിദ്ധരിപ്പിക്കലുണ്ട്. ധനകാര്യ വകുപ്പുമന്ത്രി അന്ന് നിയമസഭയിൽ പറഞ്ഞത് 5 വർഷം കൊണ്ട് 50000 കോടി രൂപയുടെ പ്രവൃത്തി പൂർത്തിയാക്കുമെന്നായിരുന്നു. എന്നാൽ മന്ത്രി ഇപ്പോൾ പറഞ്ഞത് 29000 കോടി രൂപയേ പൂർത്തിയാക്കിയിട്ടുള്ളൂ; അതിൽ 10000 കോടി രൂപ ആ 50000 കോടി രൂപയിൽ വരുന്നതല്ല. 10000 കോടി രൂപ ഭൂമി അക്വിസിഷനുവേണ്ടിയാണ് ഇപ്പോൾ ചെലവഴിച്ചിട്ടുള്ളത്. കിഫ്ബിയുടെ പദ്ധതികൾ ഇഴഞ്ഞാണ് നീങ്ങുന്നത്. എന്റെ മണ്ഡലത്തിൽ കുന്ദമംഗലത്തുനിന്നും വരുന്ന കൂളിമാട് പാലത്തിന്റെ ഒരു അപ്രോച്ച് റോഡ് നിർമ്മിക്കണമെന്ന് ഉദ്ഘാടനസമയത്ത് പറഞ്ഞിരുന്നെങ്കിലും പൂർത്തിയാക്കാതെയാണ് പോയിട്ടുള്ളത്. അപ്രോച്ച് റോഡ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; കിഫ്കോൺ എന്ന ഏജൻസിയുടെ പ്രവർത്തനം ലാഭകരമായിട്ടാണോ എന്ന് അറിയിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങയുടെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നിലപാട് സ്വീകരിക്കും. ആയിരത്തിലധികം പദ്ധതികളുള്ളതിനാൽ ഇപ്പോൾ അതിന്റെ പേരുകൾ പറയാൻ ബുദ്ധിമുട്ടാണ്. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കും. അമ്പതിനായിരം കോടി രൂപയാണ് നമ്മൾ ലക്ഷ്യം വച്ചത്.

പല സാങ്കേതിക പ്രശ്നങ്ങളുണ്ട്. ചില സ്ഥലത്ത് കിഫ്ബി പറയുന്ന സ്റ്റാൻഡേർഡ് അനുസരിച്ചുള്ള കാര്യങ്ങൾ നൽകാത്തതുകൊണ്ടുള്ള പ്രശ്നങ്ങളുണ്ട്. 34367 കോടി രൂപയുടെ ടെണ്ടർ നടപടികളിൽ 672 പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. കരാർ നടപടികൾ പൂർത്തീകരിച്ചത് 32317.03 കോടി രൂപയാണ്. പൂർത്തിയാക്കിയ പദ്ധതികൾക്ക് കൊടുത്തത് 16472 കോടി രൂപയാണ്. പാർട്ട് പേയ്മെന്റ് ആയി അതിനെക്കാളും കൂടുതൽ തുക കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നമ്മൾ വിചാരിക്കുന്നത്ര വേഗത്തിൽ എല്ലാ പദ്ധതികളും നടപ്പാക്കാൻ കഴിയാത്ത പ്രശ്നമുണ്ടാകും. എന്നാലും മറ്റ് പദ്ധതികളെക്കാളും വേഗത്തിലാണ് നടക്കുന്നത്. അങ്ങയുടെ മണ്ഡലത്തിലും ഏറ്റെടുത്ത പദ്ധതികൾ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പൊതുമരാമത്ത് പ്രവൃത്തികളിൽ റിവേഴ്സ് എസ്റ്റിമേറ്റിൽ നൽകിയ നടപടികൾ പൂർത്തിയാക്കി സർക്കാർ അംഗീകാരം നൽകിയിട്ടും പ്രൈസ് സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം സാങ്കേതികാനുമതി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത ധാരാളം പ്രവൃത്തികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: പ്രൈസ് സോഫ്റ്റ്‌വെയറിലെ മാത്രമല്ല, കിഫ്ബിയുടെ നോംസ് അനുസരിച്ചുള്ള സാങ്കേതിക പ്രശ്നങ്ങളുൾപ്പെടെ പരിഹരിക്കാനുള്ള കുറച്ച് പദ്ധതികളുണ്ടാകും. അതിന്റെ വിശദാംശങ്ങൾ

ആവശ്യമാണെങ്കിൽ പിന്നീട് നൽകാം. ആ പ്രശ്നങ്ങൾ പരിഹരിച്ച് കൃത്യമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കും. കാഞ്ഞങ്ങാട് മണ്ഡലത്തിലുൾപ്പെടെയുള്ള അത്തരം പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ കഴിയും.

## ഇൻഡക്ഷൻ ബേസ്ഡ് വയർലെസ്സ് വെഹിക്കിൾ ചാർജ്ജിംഗ് സംവിധാനം

(185) ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. എം. എം. മണി:

ശ്രീ ഒ. ആർ. കേളു:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പുതുതലമുറ ഇ.വി. ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പാക്കാൻ തീരുമാനമെടുക്കുന്നത് പൊതുഗതാഗത സംവിധാനത്തിലെ ഇ-ബസുകൾക്ക് കൂടി പ്രയോജനകരമാകുമോ എന്നറിയിക്കുമോ?

(സി) ഇൻഡക്ഷൻ ബേസ്ഡ് വയർലെസ്സ് വെഹിക്കിൾ ചാർജ്ജിംഗ് സംവിധാനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഇലക്ട്രിക് വെഹിക്കിൾ (ഇ.വി) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇൻഡക്ഷൻ ചാർജ്ജിംഗ്, വെഹിക്കിൾ-ടു-ഗ്രിഡ് (വി2 ജി) സാങ്കേതിക വിദ്യ, അൾട്രാ ഫാസ്റ്റ് ചാർജ്ജറുകൾ തുടങ്ങിയ പുതുതലമുറ ഇ.വി. ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. ഈ സാങ്കേതികവിദ്യകൾ കൂടുതൽ ചാർജ്ജിംഗ് സൗകര്യവും ഗ്രിഡ് സ്ഥിരതയും കുറഞ്ഞ ചാർജ്ജിംഗ് സമയവും വാഗ്ദാനം ചെയ്യുന്നു. എന്നിരുന്നാലും അവ ഉയർന്ന നിക്ഷേപവും അടിസ്ഥാന സൗകര്യ ആവശ്യങ്ങളും വേണ്ടവയാണ്. ആയതിനാൽ ഇവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തം, സർക്കാർ ആനുകൂല്യങ്ങൾ, ഗവേഷണ വികസന സഹകരണങ്ങൾ എന്നിവയിലൂടെ സാങ്കേതിക കമ്പനികളിൽനിന്നും നിക്ഷേപകരിൽനിന്നും നിക്ഷേപം ആകർഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഊർജ്ജ മന്ത്രാലയം അംഗീകരിച്ച ഇ.വി. ആക്സിലേറ്റർ സെൽ, പുതുതലമുറ ചാർജ്ജിംഗ് സംവിധാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇ-മൊബിലിറ്റി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

പുതുതലമുറ ഇ. വി. ചാർജിംഗ് സംവിധാനം എന്നത് വിവിധ തരത്തിലുള്ള വയർലെസ് ചാർജിംഗ് സംവിധാനങ്ങളാണ്.

ഇവ രണ്ടു രീതിയിൽ ഉപയോഗിക്കുന്നു.

1. സ്റ്റാറ്റിക് വയർലെസ് ഇ.വി ചാർജ്ജിംഗ് സംവിധാനം

2. ഡൈനാമിക് വയർലെസ് ഇ.വി ചാർജ്ജിംഗ് സംവിധാനം

സ്റ്റാറ്റിക് ഇ.വി. ചാർജ്ജിംഗിൽ വാഹനം ചലിക്കാതെ ചാർജ്ജ് ചെയ്യുന്ന സംവിധാനമാണ് ഉപയോഗിക്കുന്നത്. എന്നാൽ ഡൈനാമിക് ചാർജ്ജിംഗ് സംവിധാനത്തിൽ വാഹനം ചലിക്കുന്നതോടൊപ്പം ചാർജ്ജ് ചെയ്യാൻ സാധിക്കുന്നതാണ്.

ഇൻഡക്ഷൻ തത്വം മുഖേനയുള്ള ഡൈനാമിക് വയർലെസ് ചാർജ്ജിംഗ് സംവിധാനത്തിന് ഇലക്ട്രിഫിക്കേഷൻ ജോലികൾക്കും ചാർജ്ജിംഗ് മെക്കാനിസത്തിനും മുതൽ മുടക്ക് വളരെ കൂടുതലാണ്.

സ്റ്റാറ്റിക് ഇൻഡക്ഷൻ വയർലെസ് ചാർജ്ജിംഗിൽ സ്പെഷ്യൽ ചാർജ്ജ് പാഡിന്റെ പുറത്ത് ഇ-വാഹനം പാർക്ക് ചെയ്ത് ചാർജ്ജ് ചെയ്യാൻ സാധിക്കും. എന്നാൽ വയർലെസ് ചാർജ്ജ് ചെയ്യുന്നതിന് ഇ-വാഹനങ്ങളിൽ പ്രത്യേക സംവിധാനമൊരുക്കി മാത്രമേ ഇൻഡക്ഷൻ ചാർജ്ജ് മുഖേന ചാർജ്ജ് ചെയ്യാൻ സാധിക്കുകയുള്ളൂ.

വയേർഡ് ചാർജ്ജിംഗിനെ അപേക്ഷിച്ച് വയർലെസ് ചാർജ്ജിംഗിന് താഴെപ്പറയുന്ന ദോഷവശങ്ങളുള്ളതിനാൽ നിലവിൽ ലാഭകരമായി ഉപയോഗിക്കാൻ സാധിക്കുകയില്ല.

- ചാർജ്ജിംഗ് എഫിഷ്യൻസി കുറവായിരിക്കും.
- ചാർജ്ജിംഗിന് കൂടുതൽ സമയം വേണ്ടിവരും.
- വൈദ്യുത ഉപഭോഗം കൂടുതലാണ്.
- വയർലെസ് ചാർജ്ജ് ചെയ്യുന്നതിനായി ഇ-വാഹനങ്ങളിൽ വെഹിക്കിൾ റിസീവർ യൂണിറ്റ് സ്ഥാപിക്കണം.

(ബി) ഒരു പൊതുഗതാഗത സംവിധാനത്തിലെ ഇ-ബസുകൾക്ക് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) നടപ്പിലാക്കുന്നത് വളരെ പ്രയോജനകരമാണ്. ഇ-ബസുകളുടെ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ BESS-ന് കഴിയും. വൈദ്യുതി ആവശ്യവും വിലയും കുറവുള്ള തിരക്കില്ലാത്ത സമയങ്ങളിൽ ഊർജ്ജം സംഭരിക്കുന്നതിലൂടെ, ഇ-ബസുകൾ പതിവായി ചാർജ്ജ് ചെയ്യേണ്ടി വരുന്ന തിരക്കേറിയ സമയങ്ങളിൽ സിസ്റ്റത്തിന് സ്ഥിരമായ വൈദ്യുതി വിതരണം ചെയ്യാൻ കഴിയും. ഇത് ഇലക്ട്രിക്കൽ ഗ്രിഡിലെ ലോഡ് നിയന്ത്രിക്കാൻ സഹായിക്കുക മാത്രമല്ല, കുറഞ്ഞ വൈദ്യുതി നിരക്ക് പ്രയോജനപ്പെടുത്തി പ്രവർത്തന ചെലവ് കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ,

BESS-ന് ഒരു ബായ്ക്കപ്പ് പവർ സ്രോതസ്സായി പ്രവർത്തിക്കാൻ കഴിയും. വൈദ്യുതി മുടക്കം അല്ലെങ്കിൽ ഗ്രിഡ് അസ്ഥിരത സമയത്തുപോലും ഇ-ബസുകൾ ചാർജ്ജ് ചെയ്യാമെന്ന് ഉറപ്പാക്കുകയും അതുവഴി പൊതുഗതാഗത സേവനങ്ങളുടെ തുടർച്ച നിലനിർത്തുകയും ചെയ്യുന്നു. സൗരോർജ്ജം അല്ലെങ്കിൽ കാറ്റിൽനിന്നുള്ള ഊർജ്ജം പോലെയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുമായി BESS-ന്റെ സംയോജനം, ഇ-ബസുകൾ ചാർജ്ജ് ചെയ്യുന്നതിനായി ശുദ്ധമായ ഊർജ്ജം നൽകിക്കൊണ്ട് സുസ്ഥിരത വർദ്ധിപ്പിക്കും. ഇത് പൊതുഗതാഗത സംവിധാനത്തിന്റെ മൊത്തത്തിലുള്ള കാർബൺ കാൽപ്പാടുകൾ കുറയ്ക്കുകയും പാരിസ്ഥിതിക ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുകയും ചെയ്യുന്നു. മൊത്തത്തിൽ, BESS നടപ്പിലാക്കുന്നത് ചെലവ് ലാഭിക്കുന്നതിനും മെച്ചപ്പെട്ട വിശ്വാസ്യതയ്ക്കും കൂടുതൽ സുസ്ഥിരമായ പൊതുഗതാഗത സംവിധാനത്തിനും ഇടയാക്കും.

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നത് പ്രധാനമായും സൗരോർജ്ജ നിലയങ്ങളിൽ നിന്നുള്ള അധിക വൈദ്യുതി സ്റ്റോർ ചെയ്യാനും പീക്ക് ഡിമാൻഡുള്ള സമയങ്ങളിൽ ഉപയോഗിക്കാനുമാണ്. അത്തരത്തിൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) ഉപയോഗിക്കുന്നതിനാൽ പീക്ക് സമയങ്ങളിലെ വൈദ്യുത ഉത്പാദനം കുറയ്ക്കാനും ചെലവ് കുറയ്ക്കാനും സാധിക്കുന്നു. വൈദ്യുത വാഹനങ്ങളിലെ ബാറ്ററിയും ഇത്തരത്തിൽ ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ വൈദ്യുത വാഹനങ്ങളെ ബാറ്ററി

എനർജി സ്റ്റോറേജ് സിസ്റ്റമായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പഠനവും ആരംഭിച്ചിട്ടുണ്ട്.

ഇ-ബസുകൾ രാത്രികാലങ്ങളിൽ ചാർജ്ജ് ചെയ്യുന്നതിനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം ഉപയോഗപ്പെടുത്തിയാൽ ഇലക്ട്രിക് ഗ്രിഡിലെ peak load സമയത്തെ grid instability ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സഹായകമാകും.

ചാർജ്ജിംഗ് സമയം, ചാർജ്ജിംഗ് പവർ, ചാർജ്ജിംഗ് എനർജി എന്നിവയെ അടിസ്ഥാനപ്പെടുത്തി ഇ-ബസുകൾക്ക് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം ഒരുക്കാവുന്നതാണ്.

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കിയാൽ load fluctuation കുറയ്ക്കാൻ കഴിയുന്നതും ഇ-ബസ് ചാർജ്ജിംഗ് സ്റ്റേഷന്റെ നടത്തിപ്പ് ചെലവ് കുറയ്ക്കാവുന്നതുമാണ്.

കാര്യക്ഷമതയുള്ള എനർജി മാനേജ്മെന്റ് സിസ്റ്റം പ്രാവർത്തികമാക്കിയാൽ ഇ-ബസുകൾക്ക് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പ്രയോജനകരമാണ്. എന്നാൽ ഇ-ബസുകൾക്കുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന് മുതൽമുടക്ക് കൂടുതലായതിനാൽ നിലവിൽ ലാഭകരമല്ല. ലിഥിയം ബാറ്ററിയുടെയും ബാറ്ററി മാനേജ്മെന്റ് സിസ്റ്റത്തിന്റെയും വില കുറയുന്നതോടുകൂടി മാത്രമേ ഇത്തരം പദ്ധതികൾ ഫലപ്രദമായും വ്യാപകമായും ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇലക്ട്രിക്ക് വെഹിക്കിൾ (ഇവി) ചാർജ്ജിംഗ് സാങ്കേതിക വിദ്യയിലെ സമീപകാല മുന്നേറ്റങ്ങളിൽ പ്രധാനപ്പെട്ടതാണ് വയർലെസ് അല്ലെങ്കിൽ ഇൻഡക്ടീവ് ചാർജ്ജിംഗ് സാങ്കേതിക വിദ്യ. വൈദ്യുതകാന്തിക മണ്ഡലങ്ങളിലൂടെ ചാർജ്ജ് ചെയ്യാൻ EV-കളെ അനുവദിക്കുന്നതിലൂടെ ഈ സാങ്കേതികവിദ്യ ഫിസിക്കൽ കണക്ടറുകളുടെ ആവശ്യം ഇല്ലാതാക്കുന്നു. വയർലെസ് ചാർജ്ജിംഗ് ശേഷിയുള്ള വാഹനങ്ങൾക്ക് നിലത്ത് ഘടിപ്പിച്ച ചാർജ്ജിംഗ് പാഡിന് മുകളിൽ പാർക്ക് ചെയ്യാൻ കഴിയും. ഇത് ചാർജ്ജിംഗ് പ്രക്രിയ കൂടുതൽ തടസ്സമില്ലാത്തതാക്കുകയും ഫിസിക്കൽ കണക്ടറുകളിലെ തേയ്മാനം കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ, വെഹിക്കിൾ-ടു-ഗ്രിഡ് (V2G) സാങ്കേതികവിദ്യയിലെ പുരോഗതി, ഗ്രിഡിലേയ്ക്ക് സംഭരിച്ച ഊർജ്ജം തിരികെ നൽകുന്നതിന് EV-കളെ പ്രാപ്തമാക്കുന്നു, ഇത് ഗ്രിഡ് സ്ഥിരതയും കാര്യക്ഷമതയും പിന്തുണയ്ക്കാൻ കഴിയുന്ന ഒരു ടു-വേ ഇന്ററാക്ഷൻ നൽകുന്നു. ഈ കണ്ടുപിടിത്തം ഇ.വി. ചാർജ്ജിംഗ് കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നു. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമായി സ്വീകരിക്കുന്നതിനുള്ള നിർണ്ണായകമായ ചുവടുവയ്പ്പുമാണ്.

കേബിളുകളുടെയും കണക്ടറുകളുടെയും ആവശ്യകതയില്ലാതെ ഇലക്ട്രോമാഗ്നറ്റിക് ഫീൽഡ് ഉപയോഗപ്പെടുത്തി ചാർജ്ജ് ചെയ്യാവുന്ന ഇൻഡക്ഷൻ ബേസ്ഡ് വയർലെസ് വെഹിക്കിൾ ചാർജ്ജിംഗ് സംവിധാനത്തിന്റെ പ്രയോജനങ്ങൾ താഴെപ്പറയുന്നു.

- ഇ-കാർ ചാർജ്ജ് ചെയ്യുന്നതിന് ഹെവിയായിട്ടുള്ള ചാർജ്ജിംഗ് കേബിൾ എടുത്ത് കാറിലേയ്ക്ക് കണക്റ്റ് ചെയ്യേണ്ട ആവശ്യമില്ല.

- കാലപ്പഴക്കംമൂലം ചാർജ്ജിംഗ് കേബിളിനും കണക്ഷനും വരുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിന് സഹായിക്കും.

- വയർലെസ് ചാർജ്ജിംഗ് വഴി വളരെ വേഗം ചാർജ്ജിംഗ് ചെയ്യാൻ സാധിക്കുന്നതിനാൽ കേബിൾ കണക്റ്റ് ചെയ്യുന്നതിനും ഊരി മാറ്റുന്നതിനുമുള്ള സമയം ലാഭിക്കാൻ സാധിക്കും.

- ഇലക്ട്രിക്കൽ കോൺടാക്റ്റ് ഇല്ലാതെ ചാർജ്ജ് ചെയ്യുന്നതിനാൽ സുരക്ഷിതത്വം കൂടുതൽ ആയിരിക്കും.

ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ഇൻഡക്ഷൻ അധിഷ്ഠിത വയർലെസ് ചാർജ്ജിംഗ് സംവിധാനങ്ങൾ, ഫിസിക്കൽ പ്ലഗുകളുടെ ഒഴിവാക്കൽ, ഓട്ടോമാറ്റിക് അലൈൻമെന്റ്, കുറഞ്ഞ തേയ്മാനം എന്നിവ ഉൾപ്പെടെ കാര്യമായ നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ സംവിധാനങ്ങൾ വാഹനങ്ങൾ ഓടുമ്പോൾതന്നെ ചാർജ്ജ് ചെയ്യാൻ കഴിയുന്ന ഡൈനാമിക് ചാർജ്ജിംഗ് പിന്തുണയ്ക്കുന്നു. വിവിധ സ്ഥലങ്ങളിൽ ഇൻസ്റ്റാൾ ചെയ്യാൻ എളുപ്പമാണ്. കൂടാതെ സ്മാർട്ട് ഗ്രിഡുകളുമായുള്ള സംയോജനം വെഹിക്കിൾ ടു-ഗ്രിഡ് സാങ്കേതികവിദ്യയ്ക്കും ഊർജ്ജ സംഭരണം വർദ്ധിപ്പിക്കുന്നതിനും അനുവദിക്കുന്നു. കൂടാതെ, ഈ സംവിധാനങ്ങൾ കേബിളുകളുടെ ആവശ്യകത

ഇല്ലാതാക്കി, ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിലൂടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നു. ഹരിതഗൃഹ വാതക ഉദ്വമനം കുറയ്ക്കുന്നതിന് സഹായിക്കുന്നു. എന്നിരുന്നാലും ഇവ പരീക്ഷണ ഘട്ടത്തിലാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, വാഹന ചാർജ്ജിംഗ് രംഗത്ത് പുതുതലമുറ സാങ്കേതിക വിദ്യയായ ഇൻഡക്ഷൻ ബേസ്ഡ് വയർലെസ് വാഹന ചാർജ്ജിംഗ് സംവിധാനം ഈ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇലക്ട്രിക് വാഹനങ്ങൾ ജനപ്രിയമായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ലഭ്യമായ കണക്കുകൾ പ്രകാരം രാജ്യത്ത് വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇത്തരത്തിലുണ്ടായിട്ടുള്ള വർദ്ധനവിന് കാരണമെന്താണെന്ന് സർക്കാർ വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ക്രമാതീതമായ ഇന്ധന വർദ്ധനവിന്റെ പശ്ചാത്തലത്തിലും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ആളുകൾ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് താൽപ്പര്യം കാണിച്ചുതുടങ്ങിയത്. ആയതിന്മേൽ സഹായകരമാകുന്ന തരത്തിൽ സംസ്ഥാനത്തെ വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഒരു ശൃംഖലയുണ്ടാക്കുകയാണ് സർക്കാർ ആദ്യമായി ചെയ്തത്. ഇതോടെ സംസ്ഥാനത്ത് എവിടെയും വൈദ്യുതി

വാഹനങ്ങൾ സഞ്ചരിക്കാമെന്ന സ്ഥിതിയുണ്ടായി. സംസ്ഥാനത്ത് ആദ്യമായി 2020 നവംബറിൽ 6 ഇലക്ട്രിക് വാഹന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. വൈദ്യുതി വാഹനങ്ങൾക്ക് ഒരു പ്രോത്സാഹനമെന്ന നിലയിൽ ആദ്യത്തെ മൂന്നുമാസം സൗജന്യ ചാർജ്ജിംഗ് അനുവദിച്ചു. തുടർന്ന് എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ഗതാഗത വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായത്തോടുകൂടി കെ.എസ്.ഇ.ബി. മുഖേനയും അനെർട്ടിന്റെ വിവിധ പദ്ധതികൾ വഴി 47 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു. ഇതിനുപുറമെ ഇരുചക്ര മുച്ചക്ര വാഹനങ്ങൾക്കായി എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലും 1169 പോൾമൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേ എൻഡുകളും കെ.എസ്.ഇ.ബി. മുഖേന സ്ഥാപിക്കുകയുണ്ടായി. സംസ്ഥാനത്ത് ഇപ്പോൾ സ്വകാര്യമേഖലകളുൾപ്പെടെ 380-ൽപ്പരം ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1500-ൽപ്പരം സ്ലോ ചാർജ്ജിംഗ് പോയിന്റുകളും നിലവിലുള്ളതായി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സംസ്ഥാന സർക്കാർ തുടക്കമിട്ട വിപുലമായ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല സംസ്ഥാനത്തുടനീളം ഉണ്ട്. രാജ്യത്ത് വൈദ്യുതി വാഹനങ്ങളുടെ വിൽപ്പനയുടെ വർദ്ധനവ് ഏറ്റവും കൂടുതൽ രേഖപ്പെടുത്തുന്ന സംസ്ഥാനമായി കേരളം മാറി.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടെ അത്തരം സ്റ്റേഷനുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകി നൂറ് ശതമാനം പരിസ്ഥിതി സൗഹൃദമാക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിലെ സൗരോർജ്ജവത്ക്കരണത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ട്. വൈദ്യുതിവാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിലെ സൗരോർജ്ജ സംവിധാനത്തിന് ഒരു കിലോ വാട്ടിന്മേൽ 20000 വീതവും പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപയും അനെർട്ട് മുഖേന നൽകുന്നുണ്ട്.

ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. എ. രാജ): സർ, പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകിച്ച് ഹൈറേഞ്ച് മേഖലയിൽ മൂന്നാർ, വാഗമൺ അടക്കമുള്ള പ്രദേശങ്ങളിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ കൂടുതലായി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സ്വകാര്യ ഫാസ്റ്റിംഗ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്കൊപ്പം ഗതാഗത വകുപ്പിന്റെ സഹകരണത്തോടെ 100 സ്റ്റേഷനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനം സർക്കാർ സബ്സിഡിയായി നൽകി വരുന്നു. ഇതുവരെ 23 പേർക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേഷനുകൾ സൗരോർജ്ജീകരിക്കുന്നതിന് ആദ്യത്തെ നൂറ് സ്റ്റേഷനുകൾക്ക് ഒരു കിലോ വാട്ടിന് 20000 രൂപ നിരക്കിൽ പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപയും സബ്സിഡിയായി നൽകുന്നു.

ശ്രീമതി കാനത്തിൽ ജമീല: ബാറ്ററി എനർജി സിസ്റ്റം വരുന്നതിലൂടെ ഈ രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് വരുന്നത്, വരാൻ പോകുന്ന

വാഹനങ്ങൾക്ക് കൂടുതലായി എനർജി സിസ്റ്റമുണ്ടാകുമോ; അവയുടെ എണ്ണം വർദ്ധിപ്പിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വാഹനങ്ങളിൽ ബാറ്ററി വച്ചാണ് എനർജി സിസ്റ്റം പ്രവർത്തിപ്പിക്കുന്നത്. എണ്ണം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തും.

(ചോദ്യോത്തര സമയം കഴിഞ്ഞു)

---------------------